# പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

2007 മാർച്ച് 7-ാം തീയതി ബുധനാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ-30)

61. ജലദുർവിനിയോഗം തടയുവാൻ വ്യവസ്ഥകൾ
62. ഉപയോഗിച്ച സിറിഞ്ചുകളും ഡ്രിപ്പ് ബോട്ടിലുകളും നശിപ്പിക്കുന്നതിനുള്ള നടപടി
63. കൈത്തറി-ഖാദി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി
64. കേന്ദ്ര സർക്കാരിന്റെ കാർഷിക ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ജലസേചന പദ്ധതികൾ
65. മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി
66. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം
67. ഇന്ധനം വാങ്ങിയ വകയിൽ കെ.എസ്.ആർ.ടി.സി.യുടെ കുടിശ്ശിക
68. സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസിളവ്
69. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്
70. സ്വകാര്യ വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കമ്പനി
71. സ്പൈസസ് പാർക്ക്
72. മുനിസിപ്പൽ കോർപ്പറേഷനുകളിലെ പൊതുടാപ്പുകൾ
73. കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം പരിഹരിക്കുന്നതിനു നടപടി
74. സർക്കാർ ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിനുള്ള നടപടി
75. കാവേരി നദീജലതർക്ക ട്രിബ്യൂണലിന്റെ അന്തിമവിധി
76. മുല്ലപ്പെരിയാർ നദീജല തർക്കം
77. സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം
78. പാലും പാലുല്പന്നങ്ങളും പരിശോധിക്കാൻ നടപടി
79. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം
80. മുല്ലപ്പെരിയാറിലെ ജലത്തിന്റെ വിനിയോഗം
81. അണക്കെട്ടുകളിലെ മണ്ണു നീക്കം ചെയ്യാൻ നടപടി
82. ബാലഭിക്ഷാടന നിരോധനം
83. വനിതകളുടെ സ്വയം തൊഴിലിനുള്ള വായ്പ
84. മായം ചേർക്കൽ നിരോധന ചട്ടങ്ങൾ പരിഷ്ക്കരിക്കാൻ നടപടി
85. തുറന്നു പ്രവർത്തിപ്പിച്ച സ്ഥാപനങ്ങൾ
86. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളുടെ വികസനം
87. കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയും ബസ് സ്റ്റേഷനുകളിലെയും പരസ്യം
88. ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന്റെ മാനദണ്ഡം
89. ചെറുകിട വ്യവസായ സംരംഭയൂണിറ്റുകൾക്ക് ആനുകൂല്യങ്ങൾ
90. മരുന്നു വാങ്ങുന്നതിനുള്ള പർച്ചേസ് പോളിസി

# ജലദുർവിനിയോഗം തടയുവാൻ വ്യവസ്ഥകൾ

*61 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. പി. അനിൽകുമാർ
,, ടി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഏതെല്ലാം വിധത്തിലുള്ള വിനിയോഗമാണ് ദുർവിനിയോഗമായി കണക്കാക്കുന്നത്;

(ബി) ജലദുർവിനിയോഗം തടയുവാൻ എന്തെല്ലാം വ്യവസ്ഥകൾ ഇപ്പോൾ നിലവിലുണ്ട്;

(സി) ഇനി കൂടുതൽ വ്യവസ്ഥകൾ ഇക്കാര്യത്തിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**ഉത്തരം: ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ**
**ജലവിഭവ വകുപ്പുമന്ത്രി**

(എ) അനധികൃതമായി അതോറിറ്റിയുടെ ജലവിതരണ ശൃംഖലയിൽ നിന്നും വെള്ളം ചോർത്തുന്നതും ഗാർഹികാവശ്യത്തിനു നൽകിയിട്ടുള്ള ജലം ഗാർഹീകേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും ഗാർഹീകേതര ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ള ജലം വ്യവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും സമയാസമയങ്ങളിൽ കണക്ഷനുകളിലെ അറ്റകുറ്റപ്പണികൾ തീർക്കാതെ ജലം പാഴാക്കിക്കളയുന്നതും മീറ്ററുകൾ ഘടിപ്പിക്കാതെ ഉപയോഗിക്കുന്നതും ജലത്തിന്റെ ദുർവിനിയോഗമായി പരിഗണിച്ചു വരുന്നു.

(ബി) ജലദുർവിനിയോഗം നടത്തുന്ന ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കുവാനും അതു കാരണം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പ്രസ്തുത ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. കൂടാതെ, നിയമവിരുദ്ധ പ്രവർത്തനത്തിന് പിഴ ഈടാക്കുവാനും ചില വ്യവസ്ഥയുണ്ട്.

(സി) ഉണ്ട്. നിലവിലുള്ള വ്യവസ്ഥകൾ ജലദുർവിനിയോഗം, മോഷണം എന്നിവ തടയുന്നതിന് അപര്യാപ്തമാണ്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവരെ തടസ്സപ്പെടുത്തുവാൻ നിലവിലുള്ള പിഴ പര്യാപ്തമല്ല. കൂടാതെ, ഇവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുവാനുള്ള വ്യവസ്ഥകൾ നിലവിലെ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതു കാരണം കുടിവെള്ള മോഷണം, ദുർവിനിയോഗം എന്നിവ ശക്തമായി തടയുവാൻ ഉതകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളാ വാട്ടർ സപ്ലൈ ആന്റ് സീവറേജ് ആക്ട് 1986 ഭേദഗതി വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ഭേദഗതിയിൽ ജലം മോഷ്ടിക്കുന്നവർക്കും, ജല ദുർവിനിയോഗം നടത്തുന്നവർക്കുമെതിരെ കനത്ത പിഴ, ജയിൽ ശിക്ഷ എന്നീ നിയമ നടപടികൾ സ്വീകരിക്കുവാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നുണ്ട്.

## <u>ഉപയോഗിച്ച സിറിഞ്ചുകളും ഡ്രിപ്പ് ബോട്ടിലുകളും നശിപ്പിക്കുന്നതിനുള്ള നടപടി</u>

*62 ശ്രീ. വി. സുരേന്ദ്രൻപിള്ള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ ഉപയോഗിച്ച സിറിഞ്ചുകളും ഡ്രിപ്പ് ബോട്ടിലുകളും വീണ്ടും വിപണിയിൽ എത്തുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി പ്രസ്തുത സംവിധാനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഉപയോഗിച്ച സിറിഞ്ചുകൾ ഉൾപ്പെടെയുള്ളവ വീണ്ടും വിപണിയിൽ എത്തിക്കുന്ന ഒരു റാക്കറ്റ് പ്രവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ 100 കിടക്കകളിൽ അധികമുള്ള ആശുപത്രികളിലെ ഖരമാലിന്യങ്ങളായ സിറിഞ്ച്, ഡ്രിപ്പ് ബോട്ടിലുകൾ തുടങ്ങിയവ ശേഖരിച്ച് തരംതിരിച്ച് ഐ. എം. എ. യുടെ ആഭിമുഖ്യത്തിലുള്ള ഇമേജ് എന്ന സ്ഥാപനം നടത്തി വരുന്ന നശീകരണ ശാലയിലേക്ക് കൊണ്ടുപോയി നശിപ്പിച്ച് കളയുകയാണ് ചെയ്തുവരുന്നത്. ഉപയോഗിച്ചുകഴിഞ്ഞ സൂചികൾ നീഡിൽ ഷ്റെഡ്ഡർ ഉപയോഗിച്ച് കരിച്ചുകളയുകയും ചെയ്യുന്നു. മറ്റ് ചെറിയ ആശുപത്രികളിലെ ഉപയോഗിച്ച സിറിഞ്ചും ഡ്രിപ്പ് ബോട്ടിലുകളും യഥാസമയം പൊട്ടിച്ച് കത്തിച്ചു കളയുകയും ചെയ്തുവരുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഉപയോഗിച്ച സിറിഞ്ചുകളും ഡ്രിപ്പ് ബോട്ടിലുകളും തരംതിരിച്ച് ഇമേജ് മുഖേന അതാത് ദിവസം നീക്കം ചെയ്തു വരുന്നു. കൂടാതെ ഇത്തരം വസ്തുക്കൾ നശിപ്പിക്കുന്നതിന് ഇൻസിനറേറ്റർ, നീഡിൽ ക്രഷർ തുടങ്ങിയ യന്ത്ര സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്.

(ബി ഈ സംവിധാനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്താൻ ഹോസ്പിറ്റൽ വേസ്റ്റ് മാനേജ്മെന്റ് കമ്മിറ്റികൾ ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്നു. ഈ സംവിധാനത്തിന്റെ മൊത്തത്തിലുള്ള മേൽനോട്ടവും മാർഗ്ഗനിർദ്ദേശങ്ങൾ നൽകലും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർവ്വഹിച്ചു വരുന്നു.

(സി) പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

## കൈത്തറി-ഖാദി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി

*63 ശ്രീ. പി. ടി.എ. റഹീം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ.വി. അബ്ദുൾ ഖാദർ
,, എം. കെ. പുരുഷോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കൈത്തറി-ഖാദി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) സ്കൂൾ കുട്ടികൾളക്ക് ആവശ്യമായ കൈത്തറി തുണികൾ ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ;

(സി) കൈത്തറി തുണികളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കൈത്തറി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ ഫലമായി എത്ര പേർക്ക് കൂടുതൽ തൊഴിൽ ലഭിച്ചു എന്ന് അറിയിക്കുമോ ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) കൈത്തറി ഖാദി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടെ എല്ലാ കേരളീയരും ആഴ്ചയിൽ ഒരു ദിവസം കൈത്തറി ഖാദി വസ്ത്രം ധരിക്കണമെന്നും സ്ക്കൂൾ കുട്ടികൾ ആഴ്ചയിൽ ഒരു ദിവസം കൈത്തറി/ഖാദി യൂണിഫോം ഉപയോഗിക്കണമെന്നും അഭ്യർത്ഥന പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി എല്ലാ ജില്ലയിലും ഹെഡ്മാസ്റ്റർമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഹാന്റക്സ് ഹാൻവീവ്, ഖാദി ബോർഡ് പ്രതിനിധികൾ എന്നിവരുടെ യോഗം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ വിളിച്ചു ചേർക്കുകയും ഓരോ ജില്ലയിലും സ്ക്കുൾ കുട്ടികളുടെ എണ്ണവും യൂണിഫോമിന് ആവശ്യമായ തുണിയുടെ അളവും ശേഖരിച്ച് അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിനു മുൻപായി വിതരണം ചെയ്യുന്നതിനായി ഹാൻവീവ്, ഹാന്റക്സ്, ഖാദി ബോർഡ് എന്നീ ഏജൻസികളെ ചുമതലപ്പെടുത്തുയിട്ടുണ്ട്.

(സി) ഉണ്ട്. ഇതിലേക്കായി ഹാൻവീവിലെയും ഹാന്റക്സിലേയും സാങ്കേതിക വിദഗ്ധർ, സംഘങ്ങളിലെ വീവിംഗ് മാസ്റ്റർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നു.

(ഡി) ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുമ്പോൾ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കേന്ദ്ര സർക്കാരിന്റെ കാർഷിക ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ജലസേചന പദ്ധതികൾ

*64 ശ്രീ. ടി. പി. കുഞ്ഞുണ്ണി
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. പി. കൃഷ്ണപ്രസാദ്
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. കെ.വി. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കാർഷിക ദുരിതാശ്വാസ പാക്കേജിൽ സംസ്ഥാനത്തെ ഏതെല്ലാം ജലസേചന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) നിലവിലുള്ള കേന്ദ്ര പദ്ധതികൾക്കു പുറമെ ദുരിതാശ്വാസ പാക്കേജിന്റെ ഫലമായി സംസ്ഥാനത്തിനു ലഭിക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാമാണ് എന്നും ഇവയ്ക്കു ലഭിക്കുന്ന സഹായം എത്രയാണ് എന്നതും വിശദീകരിക്കാമോ ;

(സി) ത്വരിത ഗ്രാമീണ ജലസേചന പദ്ധതികൾ പാക്കേജിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) പാക്കേജിലെ വ്യവസ്ഥകൾ പലതും സംസ്ഥാനത്തിന് ഗുണകരമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) പാക്കേജ് പ്രകാരം ജലസേചന പദ്ധതികൾ സംസ്ഥാനത്തിന് ഗുണകരമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാർ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം: ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ**
**ജലവിഭവ വകുപ്പുമന്ത്രി**

(എ) കേന്ദ്ര സർക്കാരിന്റെ കാരഷിക ദുരിതാശ്വാസ പാക്കേജിൽ കേരളത്തിൽ നിന്ന് വയനാട്, പാലക്കാട്, കാസർകോഡ് എന്നീ ജില്ലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പാലക്കാട് 3 വൻകിട ഇടത്തര ജലസേചന പദ്ധതികളും വയനാട്ടിൽ 2 വൻകിട ഇടത്തര ജലസേചന പദ്ധതികളും, പാലക്കാട് വയനാട് കാസർകോഡ് ജില്ലകളിലായി വി.സി.ബി., ചെക്ക് ഡാം, വിയർ, ലിഫ്റ്റ് ഇറിഗേഷൻ സ്കീം മുതലായ പദ്ധതികളും ഉൾപ്പെടുന്നു.

(ബി കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് പ്രകാരം വൻകിട ഇടത്തര പദ്ധതികൾക്ക് 35 കോടി രൂപയും ചെറുകിട പദ്ധതികൾക്ക് 70.03 കോടി രൂപയും ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് 90 കോടി രൂപയും ഉൾപ്പെടെ ആകെ 195.03 കോടി രൂപയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ കേരള സർക്കാർ താഴെപ്പറയുന്ന പ്രകാരം വൻകിട-ഇടത്തര പദ്ധതികളെ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| ചിറ്റൂർപ്പുഴ | - 55 കോടി |
| മലമ്പുഴ ചേരാമംഗലം | - 9.5 കോടി |
| കാഞ്ഞിരപ്പുഴ | - 30.00 കോടി |
| കാരാപ്പുഴ | - 53.96 കോടി |
| ബാണാസുരസാഗർ | - 80 കോടി |
| ആകെ | - 228.46 കോടി |

ഇതിൽ 217.71 കോടി രൂപ എ. ഐ. ബി. പി. സഹായത്തിനും 10.75 കോടി നബാർഡ് സഹായത്തിനും വേണ്ടിയുള്ളതാണ്.

(സി) എ. ഐ. ബി. പി, നബാർഡ് സഹായത്തോടെയാണ് കാർഷിക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള/ഉൾപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതികൾ നടപ്പിലായിക്കഴിയുമ്പോൾ ജലസേചനത്തിന്റെ ഗുണഫലം ഗ്രാമീണ മേഖലയ്ക്ക് ലഭിക്കുന്നതാണ്.

(ഡി) പാക്കേജിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെല്ലാം എ. ഐ. ബി. പി, നബാർഡ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്. നബാർഡ് സ്കീം പൂർണ്ണമായും വായ്പയാണ്. നിലവിലുള്ള എ.ഐ.ബി.പി. സ്കീം അനുസരിച്ച് 75% സംസ്ഥാന വിഹിതവും 25% കേന്ദ്ര വിഹിതവും ആണ്. മേല്പറഞ്ഞ 2 സ്കീമുകളും സംസ്ഥാനത്ത് നടന്നുവരുന്ന പദ്ധതികളാകായാൽ പ്രതീക്ഷിച്ചതുപോലെ കാർഷിക പാക്കേജ് ആകർഷകമല്ല.

(ഇ) കേന്ദ്ര ഗ്രാന്റും സംസ്ഥാന വിഹിതവും എ.ഐ.ബി.പി. സഹായം 90 :10 എന്ന അനുപാതത്തിൽ ലഭ്യമാക്കണമെന്ന് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

## മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി

*65 ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ചാഴികാടൻ
ശ്രീ. ജോസഫ് എം. പുതുശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

എ സംസ്ഥാനത്ത് മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയ്ക്കാമോ;

ബി ഇതുമായി ബന്ധപ്പെട്ട സർക്കാർ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയ്ക്കാമോ;

സി നിർദ്ദിഷ്ട സർവ്വകലാശാല എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) കേരളത്തിൽ ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠനം നടത്താനും അതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി ഡോ. ബി. ഇക്ബാൽ ചെയർമാനായി ഒരു അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി ഡോ. ബി. ഇക്ബാൽ ചെയർമാനായുള്ള കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇത് സർക്കാർ പഠിച്ചു വരുന്നു.

(സി) കേരളത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയാണെന്ന് നിശ്ചയിച്ചിട്ടില്ല.

## പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം

*66 ശ്രീ. പി. ജയരാജൻ
,, എ.എം. യൂസഫ്
,, വി.എൻ. വാസവൻ
ശ്രീമതി കെ.കെ. ശൈലജടീച്ചർ
ശ്രീ. കെ. സി. രാജഗോപാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഫലമായി എന്തെങ്കിലും നേട്ടം ഉണ്ടായതായി സർക്കാർ കരുതുന്നുണ്ടോ;

(സി) ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കമ്പനികൾ ലാഭകരമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) & (ബി വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസം തോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ഇപ്പോൾ ശക്തിപ്പെടുത്തുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തന റിപ്പോർട്ട് അടുത്ത മാസം 10-ാം തീയതിക്കുമുമ്പ് Public Sector Restructuring and Internal Audit Board (RIAB)ൽ നൽകുന്നതിനും അതിൻമേലുള്ള RIAB ന്റെ അവലോകന റിപ്പോർട്ട് 14-ാം തീയതിക്കു മുമ്പ് വ്യവസായ വകുപ്പ് മന്ത്രിയുടെ മുൻപാകെ സമർപ്പിക്കുകയും ചെയ്തുവരുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ചതിനുശേഷം ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. 2007 ജനുവരി മാസത്തിലെ പ്രവർത്തന അവലോകന റിപ്പോർട്ടു പ്രകാരം 19 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു. 2005-06 സാമ്പത്തിക വർഷത്തിൽ 13 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്.

(സി) ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുനഃക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതികവിദ്യയുടെ നവീകരണം, Manpower rationalization/redeployment, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.
പ്രവർത്തന കരാർ സംവിധാനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണ നിർവ്വഹണം എന്നിവ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ വ്യവസായ നയം അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതുപ്രകാരം കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും, വ്യവസായ വകുപ്പ് സെക്രട്ടറിയും, ഒരു മാനേജ്മെന്റ് വിദഗ്ദ്ധനും, രണ്ടു സബ്ജക്ട് എക്സ്പെർട്ടുകളേയും, ഉൾപ്പെടുത്തിക്കൊണ്ട് ഒരു സെലക്ഷൻ കമ്മിറ്റി G.O. (Ms) No. 72/2006/Ind dated 15.7.2006 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയാണ് കൺവീനർ. ഇതിൻ പ്രകാരം Chemical & Electrical sector നു കീഴിലുള്ള കമ്പനികളിലും, Kerala State Electronics

Development Corporation Limited ലും മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ Engineering, Textiles എന്നീ സെക്ടറിനു കീഴിലുള്ള സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ 2007 മാർച്ച് മാസം നടത്തുന്നതിനും തീരുമാനമായിട്ടുണ്ട്.

പല പൊതുമേഖലാ സ്ഥാപനങ്ങളും ബാങ്കുകളിൽ നിന്നും എടുത്ത ഹ്രസ്വകാല ദീർഘകാല വായ്പകൾ തിരിച്ചടയ്ക്കാതെ വളരെയധികം കുടിശ്ശിക വരുത്തിയിട്ടുള്ളതായി സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. ഇത് പല സ്ഥാപനങ്ങളുടെയും ബാങ്കുകളുമായുള്ള പ്രവർത്തനം നിലച്ചുപോകുന്നതിന് കാരണമായിട്ടുണ്ട്. ഇക്കാരണങ്ങളാൽ കമ്പനികൾക്ക് ബാങ്കുകളിൽ നിന്നുമുള്ള പ്രവർത്തന മൂലധനത്തിനായി അഭാവം നേരിടുകയും ബി. എ. എഫ്. ആറിന്റെ തീരുമാനപ്രകാരം നവീകരണ പദ്ധതികൾ രൂപീകരിക്കുന്നതിൽ ബാങ്കുകളുടെ സഹകരണം ലഭ്യമാകാത്ത അവസ്ഥയിലുമെത്തിച്ചേർന്നു. പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിലയ്ക്കുന്ന സാഹചര്യത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളും, ബാങ്കുകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രമുഖ ബാങ്കുകളുടെ ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള ഒരു കമ്മിറ്റി വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും, റിയാബിന്റെ സെക്രട്ടറി കൺവീനറുമായി രൂപീകരിച്ചിട്ടുമുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം നടത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ഇത് അവലോകനം ചെയ്യുന്നതിനു വേണ്ടി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും കമ്പനികൾക്ക് ഓർഡറുകൾ ലഭിക്കുന്നതിനുള്ള കരാറിൻമേൽ തീരുമാനമായിട്ടുണ്ട്. ഇതിന്റെ ഫലമായി United Electrical Industries ന് KSEB ൽ നിന്നും ഓർഡറുകൾ ലഭിക്കുകയും, അതിന്റെ പ്രവർത്തനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി ചാർജ്ജിൻമേൽ കുടിശ്ശിക വരുത്തിയതിനാൽ കണക്ഷൻ വിച്ഛേദിച്ച് സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം പുനസ്ഥാപിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

KSDP യ്ക്ക് ആരോഗ്യ വകുപ്പിൽനിന്നും ഓർഡറുകൾ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 3 കോടി രൂപ ഈ വർഷം ധനസഹായം നൽകിയിട്ടുണ്ട്.

Kerala State Electronics Development Corporation (KSEDC), Kerala State Textiles Corporation (KSTC-MSWM)ന്റെ നിയന്ത്രണത്തിലുള്ള മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് എന്നിവയുടെ പുനരുദ്ധാരണത്തിനായുള്ള പാക്കേജുകൾ സർക്കാർ പരിശോധിച്ചുവരികയാണ്. KSEDCയുടെ പുനരുദ്ധാരണത്തിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന് NTPC യിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. KELTEC, SIFL, KELTRON units, Autokast എന്നീ കമ്പനികൾക്ക് VSSC യിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാർ ഇൻഡ്യൻ റയിൽവേയുമായി നടത്തിയ ചർച്ചയുടെ ഫലമായി ഇപ്പോൾ പ്രഖ്യാപിച്ച് 2007-08 ലെ റയിൽവേ ബഡ്ജറ്റിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ Steel Industries Kerala Limited മായി ചേർന്നുള്ള സംയുക്ത സംരംഭമായി റയിൽവേ വാഗണുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. Steel Industries Kerala Limited ന്റെ ചേർത്തലയിലുള്ള Steel

Fabrication യൂണിറ്റിന്റെയും സബ്സിഡിയറി കമ്പനിയായ ചേർത്തലയിലുള്ള Autokast Limited ന്റെയും സൗകര്യങ്ങൾ ഇതിനായി ഉപയോഗിക്കുന്നതാണ്.

Kerala State Electronics Development Corporation Limited, KELTEC, SIFL, KEL എന്നീ സ്ഥാപനങ്ങൾക്ക് കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. Steel Complex Limited ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Steel Authority of India Limited (SAIL)യിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രവർത്തനം നിലച്ചിരുന്ന Keltron Counters Limited ന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Development Corporation (KSEDC) നോട് നിർദ്ദേശിച്ചിട്ടുണ്ട്. Trivandrum Spinning Mills ലെ സൗകര്യങ്ങൾ Kerala State Textile Corporation നു വേണ്ടി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ പ്രവർത്തനം നിർത്തലാക്കിയിരുന്ന Kerala State Textile Corporation ന്റെ യൂണിറ്റായ Malabar Spinning and Weaving Mills പ്രവർത്തനം ആരംഭിക്കുന്നതിനായി തുറക്കുകയുണ്ടായി.

കമ്പനികളുടെ ആഡിറ്റുകൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും, കമ്പനികളുടെ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും, ഡയറക്ടർ ബോർഡുകളിൽ അതാത് മേഖലകളിലെ വിദഗ്ദ്ധൻമാരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികമുള്ള ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ പ്രോവിഡന്റ് ഫണ്ട് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പരിമിതമായ സർക്കാർ ധനസഹായത്തോടുകൂടി ഇത് തീർപ്പാക്കുന്നതിനായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

G.O. (Rt) No. 183/2007/ID dated 15.2.2007 പ്രകാരം കമ്പനികളുടെ പി. എഫ്. കുടിശ്ശിക (Employees Share only) അടച്ചുതീർക്കുന്നതിനുള്ള സർക്കാർ സഹായമായി 254.30 ലക്ഷം രൂപയും വിരമിച്ച ജീവനക്കാർക്കുള്ള അനുകൂല്യമിനത്തിൽ 11.15 കോടി രൂപയും, KSEB യ്ക്കുള്ള കുടിശ്ശിക തീർക്കുന്നതിനായി Steel Industrials Kerala Limited ന് 50 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

കൂടാതെ G.O. (Rt) No. 194/2007/ID dated 20.2.2007 പ്രകാരം Autokast, TRACO Cable Company, Steel Industrials Kerala Limited, Travancore Cements, United Electrical Industries, Kerala Electrical & Allied Engineering Company, KELPAM എന്നീ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനമായി 13.85 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

## ഇന്ധനം വാങ്ങിയ വകയിൽ കെ.എസ്.ആർ.ടി.സി.യുടെ കുടിശ്ശിക

*67 ശ്രീ. പള്ളിപ്രം ബാലൻ
,, എൻ. രാജൻ
,, കെ. അജിത്
,, രാജാജി മാത്യു തോമസ്
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) ഇന്ധനം വാങ്ങിയ വകയിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്തു തുക കൊടുത്തുതീർക്കാനുണ്ട്;

(ബി) കുടിശ്ശിക വന്ന കാരണത്താൽ ഇന്ധനം വിതരണം ചെയ്യാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക തുക ഏതെല്ലാം ഇനത്തിൽ വക വച്ചു നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഇന്ധനം വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം:** ശ്രീ. മാത്യു ടി. തോമസ്
**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി**

(എ) ഇന്ധനം വാങ്ങിയ വകയിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ 31.1.2007 വരെ 137 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്.

(ബി ഇല്ല.

(സി) ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും പ്രതിദിനം 312 കിലോ ലിറ്റർ ഇന്ധനവും, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനിൽ നിന്നും 24 കിലോ ലിറ്റർ ഇന്ധനവുമാണ് വാങ്ങുന്നത്.

## സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസിളവ്

*68 ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
പ്രൊഫ. കെ. വി. തോമസ്
ശ്രീ. വർക്കല കഹാർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ ട്യൂഷൻ ഫീസ് കൂടാതെ ഏതെല്ലാം തരത്തിലുള്ള ഫീസുകൾ പിരിക്കാനാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കോളേജുകളിൽ ഓരോ വർഷവും അഫിലിയേഷൻ ഫീസ് വാങ്ങുന്നുണ്ടോ; എങ്കിൽ എന്തു മാനദണ്ഡത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോളേജുകളിൽ പിരിക്കുന്ന ഫീസിനത്തിൽ ഏതെല്ലാം ഇനത്തിലുള്ള ഫീസ് ആണ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകാത്ത ഫീസ് സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ കൊടുക്കാൻ നിർബന്ധിതരാകുന്നുണ്ടോ;

(ഡി) ഇങ്ങനെ ഫീസ് നൽകേണ്ടിവരുന്നതു മൂലം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം തുടരാനാകാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജനറൽ മെറിറ്റ് സീറ്റിൽ സ്വാശ്രയ നഴ്സിംഗ് കോളേജിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവർക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുന്ന ഫീസ് മാത്രം നൽകിയാൽ മതിയാകുമെന്ന നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) ജസ്റ്റീസ് കെ. റ്റി തോമസ് കമ്മിറ്റി നിശ്ചയിച്ച ട്യൂഷൻ ഫീസായ 49,400/- രൂപയും തിരികെ നൽകുന്ന ഡെപ്പോസിറ്റായ 5000/- രൂപയും കൂടാതെ താഴെപ്പറയുന്ന സ്പെഷ്യൽ ഫീസുകളും പിരിക്കാൻ അനുവദിച്ചിട്ടുണ്ട്.

1) മെഡിക്കൽ ഇൻസ്പെക്ഷൻ ഫീസ് - 10 രൂപ അഡ്മിഷൻ നടക്കുമ്പോഴും ഒന്നിടവിട്ട വർഷങ്ങളിലും
2) സ്പോർട്ട്സ് അഫിലിയേഷൻ ഫീസ് - 50 രൂപ - പ്രതിവർഷം
3) യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് - 50 രൂപ - പ്രതിവർഷം
4) സ്റ്റുഡന്റ്സ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പ്രീമിയം - 15 രൂപ - പ്രതിവർഷം
5) വിമൻസ് സ്റ്റഡി യൂണിയൻ ഫീസ് - 10 രൂപ - പ്രതിവർഷം
6) സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ് - 300 രൂപ അഡ്മിഷൻ നടക്കുന്ന വർഷം

ഇതിനു പുറമെ പരീക്ഷാഫീസിനത്തിൽ ഒരു വർഷം 175 രൂപയും കേന്ദ്രീകൃത മൂല്യനിർണ്ണയത്തിനു വേണ്ടി 200 രൂപ വീതവും വിദ്യാർത്ഥിയൊന്നിന് ഈടാക്കുന്നുണ്ട്.

(ബി സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസായി 300 രൂപാ അഡ്മിഷൻ നടക്കുന്ന വർഷം മാത്രം ഈടാക്കുവാനാണ് അനുവാദം നൽകിയിട്ടുള്ളത്. ഓരോ വർഷവും അഫിലിയേഷൻ ഫീസ് വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജസ്റ്റീസ്. കെ. റ്റി തോമസ് കമ്മിറ്റി നിശ്ചയിച്ച ട്യൂഷൻ ഫീസായ 49,400/- രൂപ പട്ടിക ജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നും അതാതു കോളേജുകൾക്ക് നൽകിവരുന്നു. കൂടാതെ 11.1.07 ലെ ജി. ഒ. (എം. എസ്.) നം. 3/07/പ.ജ.പ.വി.വ. ഉത്തരവു പ്രകാരം മറ്റു ഉയർന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. പഠന സിലബസ്സിന്റെ ഭാഗമായുള്ള എല്ലാ ഫീസുകളും നൽകിവരുന്നു. ഇതുകൂടാതെ ഏതെങ്കിലും ഫീസ് കുട്ടികൾ നേരിട്ടു നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഓരോ സ്വാശ്രയ നഴ്സിംഗ് സ്ഥാപനവും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ സമർപ്പിക്കുന്ന ആനുകൂല്യങ്ങൾക്കു വേണ്ടിയുള്ള കുട്ടികളുടെ സ്റ്റേറ്റ്മെന്റിൽ ആവശ്യപ്പെട്ടിരിക്കുന്നതും പഠന സിലബസിന്റെ ഭാഗമായുള്ളതുമായ എല്ലാ ഇനത്തിലുമുള്ള ഫീസുകൾ സർക്കാർ നൽകിവരുന്നുണ്ട്. അതിനാൽ ചോദ്യം പ്രസക്തമല്ല.

## ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ്

*69 ശ്രീ. വി. ശശികുമാർ
,, പി.വിശ്വൻ
,, സി.കെ.സദാശിവൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡ്യൂട്ടിസമയത്ത് ആശുപത്രിയിൽ ഹാജരാകാതെ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരെക്കുറിച്ചുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച നിബന്ധനകൾ ഡോക്ടർമാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച് പുതുതായി എന്തെങ്കിലും നിബന്ധനകൾ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച നിബന്ധനകൾ 25.10.05 ലെ ജി. ഒ. (എം. എസ്.) 270/05/ആ.കു.വ. നം. ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.

(ബി ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഡ്യൂട്ടി സമയത്ത് ആശുപത്രിയിൽ ഹാജരാകാതെ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡേക്ടർമാരെക്കുറിച്ചുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി, പരാതി സത്യമാണെന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത ഡോക്ടർമാർക്കെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വകുപ്പ് മേധാവികളും മറ്റു മുതിർന്ന ഉദ്യോഗസ്ഥൻമാരും മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ വീഴ്ചകൾ ബോദ്ധ്യപ്പെട്ടാൽ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

GOVERNMENT OF KERALA

Abstract

Health Services Department-Establishment-Private Practice by Government Doctors-Guidelines issued.

---

HEALTH & FAMILY WELFARE (A) DEPARTMENT

G.O.(MS) No.270/2005/H&FWD Dated, Thiruvananthapuram, 25-10-2005.

---

Read:- 1. G.O. (Rt) No.98/2001/H&FWD dated, 11.1.2001.
2. G.O.(Rt) No.127/2001/H&FWD dated, 15-1-2001.
3. G.O.(Rt) No.406/03/H&FWD, dated, 4.2.2003.

## ORDER

Doctors in Government Service are allowed to examine or treat patients outside duty hours at their residence or at the residence of the patients vide rule 50 of the Government Servants Conduct Rules, 1960. Request have been received from the Government doctors that proper guidelines should be issued to govern their private practice. Government have issued guidelines on private practice by Government doctors as per G.O. read as Ist paper above. Subsequently Government have kept in abeyance clause 2 and 4 of the said G.O, as per G.O. read as IInd paper above. After having discussions in the matter with the recognized Service organizations Government constituted a committee as per G.O. read as IIIrd paper above, for studying the case and to submit recommendations regarding guidelines for private practice by doctors in Government Service. The committee has submitted their recommendations. Government after examining the recommendations, are pleased to issue the following guidelines in conformity with the provisions under the Government Servants conduct rules, 1960, as under:-

1) The term 'private practice' is defined as the service for payment rendered by a doctor in Government Service outside his duty hours to a person who is not an in-patient in the Government hospital where the doctor is employed.

2) The doctor should confine his private practice to his place of residence, where he ordinarily resides. He should not engage in private practice in a commercial complex.

3) The doctors in Government service should not conduct private practice in Private hospitals clinics or in any other place other than his residence/consultation room.

4) He should use only a bare minimum of equipments and devices to diagnose the illness.

5) He should not procure or use equipments or devices for treating patients levying fee or charges on a commercial basis in the guise of private practice.

6) He should not engage a nurse or technician for the purpose of assisting him in private practice.

7) He should exhibit a sign board prominently in the consultation room stating that no patient or his relative should come for consultation who is already an in-patient in the hospital where the doctor is serving. However, the doctor will not be held responsible if any one violates this provision and approaches him for consultation without his knowledge.

8) In-patients in Government hospitals (including all Government medical institutions) should not got in for consultation at the residence of Government doctors. Relative/friend/representative/well-wisher or bystander of patients also should not be deputed to Government doctors for private consultation on behalf of inpatient in the hospital where the doctor is serving.

A Board should be exhibited in all Government hospitals informing the public that

i) No payment need be made to any doctor for any service rendered in the hospital.
ii) They are not expected to visit the doctors at their residence for any service rendered in the hospital and

iii) Demanding or offering money to doctors for services in a Government Hospital are offences

9) The doctors complain of harassment by the police officers, alleging acceptance of money while on private practice. Here after the doctors shall not be held responsible, if any patient or his relative/friend/anybody else approaches the doctor at his place of residence for the purpose of private practice, as the doctor may not be able to identify or recognize all of them and confirm whether the patient for whom consultation is sought is an in-patient of the hospital where he is swerving. They may exhibit a notice to the effect that, non in-patient in the hospital where he is serving shall come for consultation at his residence.

10) Money should not be accepted for services rendered/proposed to be rendered in Government hospitals.

11) During duty hours doctors, should not engage in private practice.

12) Doctors should not attend patients at private institutions.

13) Any person having a complaint of violations of these guidelines by any Government doctor shall sent such complaints to DMO/Principal of the Medical College or any higher authority of the concerned department.

Complaints of violations of these guidelines received by any other authority shall also be referred to DMO of the concerned Department/Principal of the concerned Medical College.

14) Complaints received regarding violations of these guidelines shall be referred to a committee consisting of following members:

**At the District level**

**President, District Panchayat**
**DMO/Principal, Medical College**
**Superintendent of Police**

**A senior doctor in the concerned specialty, who will be nominated by the District Collector in consultation with the DMO/Principal. The DMO/Principal will be the Convener of the Committee.**

**At the State Level, there may be an Appellate Authority with the following members:**

| | | |
|---|---|---|
| **Principal Secretary, Secretary to Government Health & Family Welfare Department** | : | **Chairman** |
| **DHS/DME/Head of the Dept.** | : | **Convener** |
| **Director General of Police or his Nominee/ representative** | : | **Member** |
| **A Specialist Doctor, in the Concerned Subject/ Speciality** | : | **Member** |

By Order of the Governor

Dr.VISHWAS MEHTA
Secretary to Government

To
The Director of Medical Education, Thiruvananthapuram
The Director of Health Services, Thiruvananthapuram
The Director, Indian Systems of Medicine, Thiruvananthapuram
The Director, Ayurveda Medical Education, Thiruvananthapuram
The Director of Homoeopathy, Thiruvananthapuram
The Principal, Government Homoeo Medical College, Thiruvananthapuram
The principal, Government Homoeo Medical College, Kozhikkode

The President, Kerala Government Medical Officers Association, Head Quarters, Red Cross Road, Thiruvananthapuram.
The General Secretary, Kerala Government Medical Officers Association.
Head Quarters, Red Cross Road, Thiruvananthapuram.
Dr.P.K.Sasidharan, President, Kerala Government Medical College Teachers Association (Professor of Medicine, Medical College, Kozhikode)
The Director General of Police, Thiruvananthapuram.
The Director of Vigilance & Anti Corruption Bureau, Thiruvananthapuram.
All District Collectors.
All District Medical Officers
The Director of Public Relations Department, Thiruvananthapuram.
All Sections of H&FW Department, Stock File, Office copy

Forwarded/By Order,
Sd/-
Section Officer.

Jalaja DL
Section Officer.

## സ്വകാര്യ വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കമ്പനി

*70 ശ്രീ. പി.തിലോത്തമൻ
,, എൻ.രാജൻ
,, എ.കെ.ചന്ദ്രൻ
,, വി.എസ്.സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു വേണ്ടി ഒരു കമ്പനി രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ കമ്പനിയുടെ രൂപീകരണം എപ്പോൾ പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ;

(ബി) ഈ കമ്പനിയുടെ രജിസ്ട്രേഷൻ എപ്പോൾ നടക്കും; ഇതിന്റെ പ്രവർത്തനമൂലധനം എത്രയാണ്; ഇതു സ്വരൂപിക്കുന്നതു എങ്ങനെയാണെന്നു വ്യക്തമാക്കുമോ;

(സി) പ്രത്യേക സാമ്പത്തിക മേഖല വേണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചു; അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീ. എളമരം കരീം**
**വ്യവസായ വകുപ്പു മന്ത്രി**

(എ) ഉണ്ട്. കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി കമ്പനിയുടെ രജിസ്ട്രേഷൻ ഈ മാസം നടത്താൻ ഉദ്ദേശിക്കുന്നു. കമ്പനിയ്ക്ക് 100 കോടി രൂപയുടെ പ്രാരംഭ മൂലധനം ഉണ്ടായിരിക്കും. കേരള സർക്കാരിന്റെയും കെ. എസ്. ഐ. ടി. സി., കിൻഫ്ര ഇവയുടെ പങ്കാളിത്തത്തോടെയും, പ്രവാസി കേരളീയരുടെ സഹായത്തോടെയും പ്രസ്തുത കമ്പനിയുടെ സഞ്ചിത മൂലധനം സ്വരൂപിക്കുന്നതാണ്.

(സി) ഉണ്ട്. പ്രത്യേക സാമ്പത്തിക മേഖല വേണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള 4 പുതിയ അപേക്ഷകൾ കെ.എസ്. ഐ.ഡി.സി.യിൽ ലഭിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്.

1. ടെമ്പിൾവാലി ഫാംസ് ആന്റ് ഇൻഫ്രാസ്ട്രക്ചർ പ്രൈ. ലി., ദേശം, ആലുവ, എറണാകുളം.
2. യൂണിടെക് ലാന്റ് മാർക്ക് ബിൽഡേഴ്സ്, ഉത്താരിപിതാംപുരം, ന്യൂഡെൽഹി.
3. കൊച്ചിൻ ടെക്നോപാർക്ക്, കൊച്ചി.
4. എൽ. എം. ജെ. വെയർഹൗസിംഗ്, പ്രൈ. ലി. കാക്കനാട്, കൊച്ചി.

## സ്പൈസസ് പാർക്ക്

*71 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സി. എച്ച്. കുഞ്ഞമ്പു
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. കെ. സി. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) സംസ്ഥാനത്ത് കാർഷികാധിഷ്ഠിതമായ വ്യവസായങ്ങൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇടുക്കി ജില്ലയിൽ സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിന് പ്രരാംഭ നടപടികൾ എന്തെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്;

(ഡി) സ്പൈസസ് പാർക്കിലൂടെ ഏതെല്ലാം സ്ഥാപനങ്ങളാണ് ആണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്; ഇതു മൂലം പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

### ഉത്തരം: ശ്രീ. എളമരം കരീം
### (വ്യവസായ വകുപ്പു മന്ത്രി)

(എ) കാർഷിക മേഖലയുടെ വികസനത്തിനും ദാരിദ്ര്യനിർമ്മാജ്ജനത്തിനുമായി സംപൂജ്യ രാഷ്ട്രപതിയുടെ നിർദ്ദേശാനുസരണം രൂപപ്പെടുത്തിയ പദ്ധതിയായ വിഷൻ 2010 പ്രകാരം കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി 530 ലക്ഷം രൂപ സബ്സിഡിയായി കർഷകർക്ക് അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് (2006-07 വർഷം) ഭരണാനുമതി നൽകി പ്രാവർത്തികമാക്കാൻ കൃഷിവകുപ്പ് നടപടി സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ സംരംഭകർക്ക് തുടങ്ങുന്നതിനുവേണ്ടിയുള്ള രണ്ടു അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കിൻഫ്ര പുതുതായി ഏറ്റെടുത്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി വയനാട് ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മെഗാ ഫുഡ് പാർക്കും, ഇടുക്കി ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്പൈസസ് പാർക്കുമാണ് ഇത്.

(ബി ഇടുക്കി ജില്ലയിൽ കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ സ്പൈസസ് ബോർഡും കേരള സർക്കാർ സ്ഥാപനമായ കിൻഫ്രയും തുല്യപങ്കാളിത്തത്തോടുകൂടി ഒരു സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം 2007 ഫെബ്രുവരി 13-ാം തീയതി ഒപ്പു വച്ചിട്ടുണ്ട്.

(സി) സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിനു വേണ്ടിയുള്ള സ്ഥലം കണ്ടെത്തുന്നതിന് വേണ്ടി കേരള സർക്കാർ 21.2.2007-ൽ ഒരു അഞ്ചംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി സ്പൈസസ് പാർക്കിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര ഗവണ്മെന്റിന് സമർപ്പിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) കേരളത്തിൽ ഉൽപാദിപ്പിക്കുന്ന സുഗന്ധ വ്യഞ്ജനങ്ങളുടെ മൂല്യവർദ്ധന നടപ്പിലാക്കുന്ന വ്യവസായ സംരംഭങ്ങൾക്കായിരിക്കും കിൻഫ്രയും സ്പൈസസ് ബോർഡും ചേർന്ന് ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങളുള്ള ഈ പാർക്കിൽ തുടങ്ങുവാൻ സൗകര്യം ഉണ്ടായിരിക്കുക. ഇതിനുപുറമേ മറ്റു സുഗന്ധ വ്യഞ്ജന അധിഷ്ഠിത വ്യവസായങ്ങളും ആരംഭിക്കുവാനുള്ള സൗകര്യങ്ങളും ഈ പാർക്കിൽ ഉണ്ടായിരിക്കും. തൊഴിൽ സംബന്ധിച്ച വിവരങ്ങൾ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## മുനിസിപ്പല്‍ കോര്‍പ്പറേഷനുകളിലെ പൊതുടാപ്പുകള്‍

*72 ശ്രീ. ബി. ബാബുപ്രസാദ്
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ജോര്‍ജ് മേഴ്സിയര്‍
,, വി.ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പല്‍ കോര്‍പ്പറേഷനുകളിലോരോന്നിലും ഇപ്പോള്‍ എത്ര പൊതുടാപ്പുകള്‍ വീതം സ്ഥാപിച്ചിട്ടുണ്ട്;

(ബി) പൊതു ടാപ്പുകള്‍ ആര്‍ക്ക് വെള്ളമെടുക്കുന്നതിനാണ് സ്ഥാപിച്ചിട്ടുള്ളത്;

(സി) പൊതു ടാപ്പുകളില്‍ അത്യവശ്യമായവ ഒഴിച്ച് ബാക്കിയുള്ളവ കുറവുചെയ്യുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കില്‍ ഓരോ മുനിസിപ്പല്‍ കോര്‍പ്പറേഷനിലും എത്ര ടാപ്പുകള്‍ വീതം കുറവു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കുറവു ചെയ്തശേഷം നിലനിര്‍ത്തുന്ന ടാപ്പുകളില്‍ മീറ്റര്‍ വയ്ക്കാന്‍ ഉദ്ദേശ്യമുണ്ടോ?

**ഉത്തരം: ശ്രീ. എന്‍. കെ.പ്രേമചന്ദ്രന്‍**
**ജലവിഭവ വകുപ്പുമന്ത്രി**

(എ)

| | |
|---|---|
| തിരുവനന്തപുരം | 2866 ടാപ്പുകള്‍ |
| കൊല്ലം | 2971 ടാപ്പുകള്‍ |
| കൊച്ചി | 6267 ടാപ്പുകള്‍ |
| തൃശ്ശൂര്‍ | 2487 ടാപ്പുകള്‍ |
| കോഴിക്കോട് | 2069 ടാപ്പുകള്‍ |

(ബി പൊതു സ്ഥാപനങ്ങള്‍, സ്കൂളുകള്‍, അംഗന്‍വാടികള്‍, ആശുപത്രികള്‍, ഹൗസിംഗ് കോളനികള്‍ തുടങ്ങിയ സ്ഥലങ്ങളില്‍ ഉള്ളവര്‍ക്ക് കുടിവെള്ളം മറ്റ് അവശ്യ ഉപയോഗങ്ങള്‍ എന്നിവയ്ക്കായി ഉപയോഗിക്കുന്നതിലേയ്ക്കാണ് പൊതു ടാപ്പുകള്‍ സ്ഥാപിച്ചിട്ടുള്ളത്.

(സി), (ഡി), & (ഇ) പൊതു ടാപ്പുകളുടെ എണ്ണം തീരുമാനിക്കുന്നതിനും കുറവ് ചെയ്യുന്നതിനും മീറ്റര്‍ ഘടിപ്പിക്കുന്നതിനുമുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില്‍ നിക്ഷിപ്തമാണ്.

## കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം പരിഹരിക്കുന്നതിനു നടപടി

*73 ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.കെ. അബ്ദുറബ്ബ്
,, കെ. കുട്ടി അഹമ്മദ് കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം ലാഭകരമായിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. യ്ക്ക് നഷ്ടം ഉണ്ടാകുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ നഷ്ടം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. യുടെ യാത്രക്കൂലിയിനത്തിലുള്ള വരവ് എത്രയെന്ന് വ്യക്തമാക്കാമോ?

**ഉത്തരം: ശ്രീ. മാത്യു ടി. തോമസ്**
**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി**

(എ) ഇല്ല

(ബി ജനവാസം പൊതുവേ കുറവുള്ള മലയോര മേഖലകളിലും ബൈറൂട്ടുകളിലും കുറഞ്ഞ വരുമാനത്തിൽ സർവ്വീസുകൾ ഓപ്പറേറ്റു ചെയ്യുന്നതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം ഉണ്ടാകുന്നുണ്ട്. പാരലൽ സർവ്വീസിന്റെ കടന്നുകയറ്റവും കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമുണ്ടാക്കുന്നു. കൂടാതെ വിദ്യാർത്ഥികൾക്കും വിവിധ വിഭാഗം ജനങ്ങൾക്കും സൗജന്യയാത്ര നൽകുന്നതു മൂലവും നഷ്ടമുണ്ടാകുന്നുണ്ട്. വിവിധ ഹർത്താലുകൾ മൂലവും കെ.എസ്.ആർ. ടി.സി.-ക്ക് നഷ്ടം സംഭവിക്കുന്നു. ഇതിനുപുറമേ പെൻഷൻ ചെലവുകളും ഭീമമായ സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുന്നു.

(സി) ഓരോ ജില്ലയിലേയും റൂട്ടുകളെ സംബന്ധിച്ചും സർവ്വീസുകളുടെ ക്രോണോളജി സംബന്ധിച്ചും വിശദമായ പഠനം നടത്തി സർവ്വീസുകൾ പുന:ക്രമീകരിച്ചും, ചെയിൻ സർവ്വീസുകൾ ബലപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ നഷ്ടത്തിന്റെ തോത് കുറയ്ക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ഡിപ്പോകൾ പ്രോഫിറ്റ് സെന്റർ ആക്കുന്നതിലും പുതിയ ഇൻസെന്റീവ് രീതിയും നടപ്പിലാക്കി വരുന്നു.

(ഡി) 2007 ഫെബ്രുവരി മാസത്തെ കണക്കനുസരിച്ച് യാത്രൂക്കൂലിയിനത്തിൽ പ്രതിദിനം ശരാശരി 2.30 കോടി രൂപയുടെ വരുമാനമുണ്ട്.

## സര്‍ക്കാര്‍ ആശുപത്രികളില്‍ മരുന്ന് വാങ്ങുന്നതിനുള്ള നടപടി

*74 ശ്രീ. രാജു എബ്രഹാം
,, പി. ജയരാജന്‍
" സി. എം. ദിനേശ്മണി
ശ്രീമതി. കെ. കെ. ലതിക
ശ്രീ. ജോര്‍ജ്. എം. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നല്‍കുമോ

(എ) സര്‍ക്കാര്‍ ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങുന്നത് സംബന്ധിച്ച് നിലവിലുള്ള സമ്പ്രദായം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സെന്‍ട്രല്‍ പര്‍ച്ചേസിംഗ് കമ്മിറ്റി മുഖേന ഓരോ വര്‍ഷത്തേയ്ക്കും ആവശ്യമായ മരുന്നിന് ഒരുമിച്ച് ഓര്‍ഡര്‍ നല്‍കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികള്‍ സര്‍ക്കാരിന്റെ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ, എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മരുന്ന് വാങ്ങുന്നതിന് പ്രത്യേക കോര്‍പ്പറേഷന്‍ രൂപീകരിക്കാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചര്‍**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) 7.10.04-ലെ ജി.ഒ.(പി) നം. 267/04/ആ.കു.വ ഉത്തരവ് പ്രകാരമാണ് സര്‍ക്കാര്‍ ആശുപത്രികളിലേയ്ക്ക് സെന്‍ട്രല്‍ പര്‍ച്ചേസ് കമ്മിറ്റി (സി.പി.സി.) മുഖേന മരുന്ന് വാങ്ങുന്നത്. സി.പി.സി.-യില്‍ രജിസ്റ്റര്‍ ചെയ്ത കമ്പനികളെയാണ് ടെണ്ടറില്‍ പങ്കെടുക്കുവാന്‍ അനുവദിക്കുക. റേറ്റ് കോണ്‍ട്രാക്ട് അനുസരിച്ചാണ് മരുന്നുകള്‍ പര്‍ച്ചേസ് ചെയ്യുന്നത്. ടെണ്ടറുകള്‍ സ്വീകരിക്കുമ്പോള്‍ അതില്‍ കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്തിരിക്കുന്ന കമ്പനികളെയാണ് പരിഗണിക്കുന്നത്. ടെണ്ടറുകളോടൊപ്പം വുരന്ന സാമ്പിളുകള്‍ ഡ്രഗ്സ് കണ്‍ട്രോളറുടെ ലാബുകളിലോ മറ്റ് അക്രഡിറ്റഡ് ലാബുകളിലോ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം തൃപ്തികരമാണെങ്കില്‍ ആ കമ്പനികളില്‍ ഗവണ്മെന്റ് സെക്രട്ടറിയേറ്റില്‍ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥന്‍മാരും അസിസ്റ്റന്റ് പ്രൊഫസര്‍ ഓഫ് ഫാര്‍മസി കൂടാതെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും മെഡിക്കല്‍ എഡ്യൂക്കേഷന്‍ ഡിപ്പാര്‍ട്ടുമെന്റിലുമുള്ള വിദഗ്ദ്ധ ഡോക്ടര്‍മാരും ഡ്രഗ്സ് കണ്‍ട്രോളറുടെ കീഴിലുള്ള ഉന്നത ഉദ്യോഗസ്ഥരും ചേര്‍ന്നുള്ള ഒരു പാനല്‍ പരിശോധന നടത്തുന്നു. ഈ പരിശോധന തൃപ്തികരമാണെങ്കില്‍ അങ്ങനെയുള്ള കമ്പനികളെ നെഗോസിയേഷന് വിളിക്കുകയും ഏറ്റവും കുറഞ്ഞ നിരക്കനുസരിച്ച് റേറ്റ് കോണ്‍ട്രക്ട് ഉറപ്പിക്കുകയും ചെയ്യുന്നു.

(ബി ശ്രദ്ധയില്‍പ്പെട്ടിട്ടില്ല.

(സി) ഉണ്ട്.
ഇതിനാവശ്യമായ നിര്‍ദ്ദേശങ്ങള്‍ സമര്‍പ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് നടപടികള്‍ തുടര്‍ന്നുവരുന്നു.

## കാവേരി നദീജലതർക്ക ട്രിബ്യൂണലിന്റെ അന്തിമവിധി

*75 ശ്രീ. വി. ചെന്താമരാക്ഷൻ
,, എം. ഹംസ
,, പി. കൃഷ്ണപ്രസാദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) കാവേരി നദീജലതർക്ക ട്രിബ്യൂണലിന്റെ അന്തിമവിധി പ്രകാരം കേരളത്തിന് ലഭിക്കുന്ന ജലത്തിന്റെ അളവ് വ്യക്തമാക്കുമോ;

(ബി) ട്രിബ്യൂണൽ വിധി കേരളത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതാണോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കാവേരിയിലേയ്ക്ക് കേരളത്തിൽ നിന്നും ഒഴുകിയെത്തുന്ന ജലത്തിന്റെ അളവ് എത്രയാണ്; അതിന് ആനുപാതികമായ ജലം ലഭിക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചു;

(ഡി) ട്രിബ്യൂണൽ വിധി മാനന്തവാടി, ഭവാനി എന്നീ പദ്ധതികൾ തുടങ്ങുന്നതിന് തടസ്സമാകുമോ എന്നു വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**ജലവിഭവ വകുപ്പുമന്ത്രി**

(എ) കാവേരി നദീതർക്ക ട്രൈബ്യൂണലിന്റെ വിധിപ്രകാരം കേരളത്തിന് 30 റ്റി.എം.സി. ജലം ലഭിക്കും.

(ബി കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം ട്രിബ്യൂണൽ അനുവദിക്കാത്തതിനാൽ ട്രൈബ്യൂണലിന്റെ വിധി കേരളത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതല്ല.

(സി) കാവേരിയിലേയ്ക്ക് കേരളത്തിൽനിന്നും ഒഴുകി എത്തുന്ന ജലം 147 റ്റി.എം.സി.-യാണ്. ട്രിബ്യൂണൽ മുമ്പാകെ ജലസേചനം, വൈദ്യുതി ഉല്പാദനം, കുടിവെള്ളം, വ്യാവസായികം എന്നീ ആവശ്യങ്ങൾക്കായി 99.8 റ്റി.എം.സി. ജലം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

കേരളത്തിനുവേണ്ടി വാദിക്കുന്ന അഭിഭാഷകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി വിദഗ്ദ്ധ സമിതിയേയും നിയോഗിച്ചിരുന്നു.

കേസിന്റെ ഫലപ്രദമായ നടത്തിപ്പിനായി ന്യൂഡൽഹി ആസ്ഥാനമായി സൂപ്രണ്ടിംഗ് എഞ്ചിനീയർ തലവനായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതികൾക്ക് ആവശ്യമായ ജലം മറ്റു നദീതടങ്ങളിലേയ്ക്ക് കാവേരി ജലം തിരിച്ചുവിടുന്നു എന്ന കാരണമുന്നയിച്ച് ട്രിബ്യൂണൽ അംഗീകരിച്ചിട്ടില്ല. അതിനാൽ പ്രസ്തുത പദ്ധതികൾ തുടങ്ങുന്നതിന് തടസ്സമാകും.

## മുല്ലപ്പെരിയാർ നദീജല തർക്കം

*76 ശ്രീ. ജോസഫ് എം. പുതുശ്ശേരി
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ചാഴികാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ

(എ) മുല്ലപ്പെരിയാർ നദീജല തർക്കം സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസു നടത്തിപ്പിനായി ഏതൊക്കെ അഭിഭാഷകരാണ് സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരാകുന്നതെന്നു വെളിപ്പെടുത്തുമോ ;

(സി) ഇതിനായി സർക്കാരിനു ഇതുവരെ എന്തു തുക ചെലവായി; അഭിഭാഷക ഫീസ്, താമസ സൗകര്യം, വാഹന സൗകര്യം, യാത്രാ ചെലവ് എന്നിവ ഇനം തിരിച്ച് അറിയിക്കുമോ ;

(ഡി) ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിനു ഏറ്റവും അഭികാമ്യമായ പരിഹാരം എന്താണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**ജലവിഭവ വകുപ്പുമന്ത്രി**

(എ) 2006-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ആക്ട് ഭരണഘടനാ വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് തമിഴ്നാട് 31.3.06-ൽ സൂപ്രീം കോടതിയിൽ ഒരു ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തു. പ്രസ്തുത ആക്ട് സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഒരു ഐ.എ.യൂ. ഫയൽ ചെയ്തിട്ടുണ്ട്. 2006 സെപ്തംബർ 25-ാം തീയതി സുപ്രീം കോടതിയിൽ പ്രസ്തുത കേസിന്റെ വാദം കേട്ടു. മുല്ലപ്പെരിയാർ അണക്കെട്ടു സംബന്ധിച്ച തർക്കം കേരളവും തമിഴ്നാടുമായി കൂടിയാലോചനകൾ വഴി പരിഹരിക്കണമെന്നും ആവശ്യമെങ്കിൽ കേന്ദ്ര സർക്കാരിനെക്കൂടി ഉൾപ്പെടുത്തി തർക്കം പരിഹരിക്കണമെന്നും കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് കേരളവും തമിഴ്നാടും മുഖ്യമന്ത്രി തലത്തിലും മന്ത്രിതലത്തിലും കേന്ദ്ര ജലവിഭവ മന്ത്രിയുടെ മദ്ധ്യസ്ഥതയിൽ രണ്ട് പ്രാവശ്യം ചർച്ച നടത്തി. എന്നാൽ അഭിപ്രായസമന്വയത്തിൽ എത്തുന്നതിനുമുമ്പേ തമിഴ്നാട് ഏകപക്ഷീയമായി ചർച്ചയിൽനിന്നും പിൻമാറി. തുടർന്ന് കേസ് 19.2.07-ൽ പോസ്റ്റ് ചെയ്തിരുന്നുവെങ്കിലും തുടർവാദങ്ങൾക്കായി കേസ് 2007 ഏപ്രിൽ 5-ലേയ്ക്ക് മാറ്റി.

(ബി കേസ് നടത്തിപ്പിനായി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. ഹരീഷ് സാൽവേ, അഭിഭാഷകരായ ശ്രീ. മോഹൻ ഖട്ടർക്കി, ശ്രീ. ആർ. പ്രകാശ് എന്നിവരാണ് സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരാകുന്നത്.

(സി) മുല്ലപ്പെരിയാർ നദീജല പ്രശ്നം സംബന്ധിച്ചുള്ള കേസ് നടത്തിപ്പിനും അനുബന്ധ കാര്യങ്ങൾക്കും മറ്റുമായി നാളിതുവരെ ഏകദേശം 28,25,316/- രൂപ ചെലവായിട്ടുണ്ട്. ഇനം തരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്.

| | |
|---|---|
| അഭിഭാഷക ഫീസ് | - 23,70,820/- രൂപ |
| വാഹന സൗകര്യം (1999 മുതൽ; ഇത് മുല്ലപ്പെരിയാർ, കാവേരി, പറമ്പിക്കുളം-ആളിയാർ പദ്ധതി എന്നീ അന്തർ സംസ്ഥാന ജലസംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും വാഹനം ഉപയോഗിച്ചതിന് വേണ്ടി ചെലവായ തുക) | - 1,84,227/- രൂപ |
| ഓണറേറിയം | - 85,269/- രൂപ |
| അന്തർസംസ്ഥാന മുഖ്യമന്ത്രിമാരുടെ മീറ്റിംഗ് നടത്തിപ്പ് ചെലവ് | -1,85,000/- രൂപ |
| ആകെ | -28,25,316/- രൂപ |

വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ വിവിധ കാര്യങ്ങൾ ഒരേ യാത്രയിൽ ചെയ്തു തീർക്കാത്തതിനാൽ താമസ സൗകര്യം, ടി.എ. ഇനത്തിലെ ചെലവ് ഇവ വ്യക്തമായി വേർതിരിക്കുക പ്രയാസമാണ്.

(ഡി) നിലവിലുള്ള ഡാമിന് ബദലായി താഴ്ഭാഗത്ത് പുതിയൊരു ഡാം പണിയുകയാണ് ഏറ്റവും അഭികാമ്യമായ പരിഹാരം. തദ്വാരാ തമിഴ്നാടിന് ജലം ലഭ്യമാക്കുകയും കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യാവുന്നതാണ്.

## സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം

*77 ശ്രീ. വി. എൻ. വാസവൻ
„ സാജുപോൾ
„ സി. കെ. പി. പത്മനാഭൻ
„ കെ. കുഞ്ഞിരാമൻ
„ എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) വരൾച്ചമൂലം സംസ്ഥാനത്ത് കുടിവെള്ള ക്ഷാമംരൂക്ഷമായിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(സി) ഇവ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പൈപ്പ് ലൈൻ കേടായതുമൂലം ജലവിതരണം നടത്താൻ കഴിയാത്ത പ്രദേശങ്ങളിലെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

**ഉത്തരം: ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**ജലവിഭവ വകുപ്പുമന്ത്രി**

(എ) ഉണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 14 ജില്ലകൾക്കുംകൂടി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുടിവെള്ള പ്രശ്നം നേരിടുന്നതിന് മുൻകൂട്ടി നടപടികൾ കൈക്കൊള്ളുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി സ്രോതസ്സുകളുടെ പുനരുദ്ധാരണം, പമ്പുസെറ്റുകളുടെ മെയിന്റനൻസ് പൈപ്പ്ലൈൻ നീട്ടൽ തുടങ്ങിയ പ്രവർത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതാണ്. ജലനിധി പദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം 112 പഞ്ചായത്തുകളിൽ ശുദ്ധജല പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. 3723 പദ്ധതികൾ ഏറ്റെടുത്തതിൽ 3012 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2007 മാർച്ച് മാസത്തോടുകൂടി ഏകദേശം 150 പദ്ധതികൾകൂടി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഭൂജല സമ്മർദ്ദന പ്രവർത്തനങ്ങളും മഴവെള്ള സംഭരണികളുടെ നിർമ്മാണവും നടപ്പിലാക്കുന്നുണ്ട്.

(ബി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു. ജെ.ബി.ഐ.സി. പദ്ധതി, ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിൽപ്പെട്ട വൻകിട പദ്ധതികൾ, ടെക്നോളജി മിഷൻ പദ്ധതികൾ, എൻ.സി.പി.സി. പദ്ധതികൾ, നബാർഡ് പദ്ധതികൾ, മിനി പദ്ധതികൾ, ജി.എഫ്.ഐ.ഡി. പദ്ധതി, വർഷ പദ്ധതികൾ, ഐ.ഐ.സി. ഗ്രമീണ പദ്ധതികൾ, എൽ.ഐ.സി./ഹഡ്കോ പദ്ധതികൾ/ബാങ്ക് ലോൺ നഗര പദ്ധതികൾ, സുനാമി പദ്ധതികൾ, പ്ലാൻ സ്കീമിൽപ്പെട്ട ചെറുപദ്ധതികൾ/വൻകിട പദ്ധതികൾ, ത്വരിത നഗര ശുദ്ധജലവിതരണ പദ്ധതികൾ, സ്വജലധാരാ പദ്ധതികൾ.

ജലനിധി പദ്ധതിപ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലകൾക്ക് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൈപ് ലൈനിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അനുബന്ധം I

**Jalanidhi- Details of Water Supply Schemes in GPs Where Works are Progressing**

| | District | Batch | Name of Gram Panchayat | No of Water Supply Schemes taken up | No of Water supply schemes commissioned | No of Water Supply Schemes where Works are progressing |
|---|---|---|---|---|---|---|
| 1 | Thrissur | | Thiruvilwamala | 62 | 54 | 8 |
| 2 | | | Erumapetty | 41 | 41 | 0 |
| 3 | | Batch IV | Punnayoorkulam | 7 | 7 | 0 |
| 4 | | | Madakkathara | 26 | 22 | 4 |
| 5 | | | Vallathol Nagar | 22 | 15 | 7 |
| 6 | | Batch V | Varavoor | 38 | 35 | 3 |
| 7 | Palakkad | | Kozhijampara | 2 | 1 | 1 |
| 8 | | | Kollengode | 15 | 5 | 10 |
| 9 | | | Perumatty | 21 | 21 | 0 |
| 10 | | | Nalleppilly | 27 | 27 | 0 |
| 11 | | | Sholayur | 37 | 8 | 29 |
| 12 | | | Piriyari | 24 | 13 | 11 |
| 13 | | Batch IV | Kongad | 43 | 29 | 14 |
| 14 | | | Tarur | 38 | 22 | 16 |
| 15 | | Batch V | Alanallur | 32 | 29 | 3 |
| 16 | Malappuram | | Kalikavu | 25 | 21 | 4 |
| 17 | | | Porur | 27 | 25 | 2 |
| 18 | | | Moothedam | 25 | 23 | 2 |
| 19 | | | Kuzhimanna | 21 | 13 | 8 |
| 20 | | | Chaliyar | 38 | 34 | 4 |
| 21 | | | Parappanangadi | 22 | 20 | 2 |
| 22 | | Batch IV | Edakkara | 15 | 4 | 11 |
| 23 | | | Cherukave | 32 | 4 | 28 |
| 24 | | | Edavanna | 30 | 12 | 18 |
| 25 | | | Edarikode | 27 | 22 | 5 |
| 26 | | | Puzhakkattiri | 23 | 0 | 23 |
| 27 | | | Kuruva | 16 | 6 | 10 |
| 28 | | Batch V | Vallikunnu | 24 | 10 | 14 |
| 29 | Kozhikode | | Koduvally | 57 | 57 | 0 |
| 30 | | | Chemenchery | 28 | 22 | 6 |
| 31 | | Batch IV | Kavilumpara | 33 | 32 | 1 |
| 32 | | | Karassery | 38 | 11 | 27 |
| 33 | | | Panangad | 24 | 17 | 7 |
| 34 | | Batch V | Kizhakkoth | 41 | 12 | 29 |

| | | | | | | |
|---|---|---|---|---|---|---|
| 35 | Trivandrum | scale up | Kulathur | 55 | 33 | 22 |
| 36 | | | Vellarada | 25 | 3 | 22 |
| 37 | Kollam | | Kulathupuzha | 27 | 9 | 18 |
| 38 | | | Thalavoor | 27 | 6 | 21 |
| 39 | Pathanamthitta | | Konni | 47 | 42 | 5 |
| 40 | | | Koduman | 12 | 0 | 12 |
| 41 | Kottayam | | Kadanad | 61 | 47 | 14 |
| 42 | | | Kaduthuruthy | 53 | 15 | 38 |
| 43 | Idukki | | Mariyapuram | 37 | 31 | 6 |
| 44 | | | Vellathooval | 55 | 14 | 41 |
| 45 | Ernakulam | | Palakuzha | 21 | 9 | 12 |
| 46 | | | Chendamangalam | 27 | 27 | 0 |
| 47 | Weyanad | | Nenmeni | 79 | 64 | 15 |
| 48 | | | Thirunelli | 63 | 38 | 25 |
| 49 | Kannur | | Ulikkal | 113 | 56 | 57 |
| 50 | | | Peringome | 63 | 41 | 22 |
| 51 | Kasargod | | Kodombelur | 87 | 56 | 31 |
| 52 | | | Karaduka | 64 | 54 | 10 |
| 53 | Kollam | Tsunami | Chavara | | | 0 |
| 54 | | | Panmana | | | 0 |
| | | | Total | 1897 | 1219 | 678 |

## Districtwise Position of Progress of Batch I to V & Scale up

| Batch | District | Thrissur | Palakkad | Malappuram | Kozhikode | Trivandrum | Kollam | Pathanamthitta | Kottayam | Idukki | Ernakulam | Wayanad | Kannur | Kasargode | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Batch I | No of GPs | 1 | 1 | 2 | 1 | | | | | | | | | | 5 |
| | No of projects | 1 | 1 | 2 | 1 | | | | | | | | | | 5 |
| | No of BGs: | 28 | 38 | 39 | 28 | | | | | | | | | | 133 |
| | Commissioned | 28 | 38 | 39 | 28 | | | | | | | | | | 133 |
| Batch II | No of GPs | 3 | 6 | 8 | 6 | | | | | | | | | | 26 |
| | No of projects | 3 | 7 | 8 | 6 | | | | | | | | | | 26 |
| | Initiated WSS | 187 | 188 | 231 | 193 | | | | | | | | | | 799 |
| | WSS Commissioned | 187 | 188 | 228 | 193 | | | | | | | | | | 796 |
| Batch III | No of GPs | 4 | 5 | 10 | 16 | | | | | | | | | | 29 |
| | No of projects | 5 | 7 | 11 | 10 | | | | | | | | | | 33 |
| | Initiated WSS | 114 | 239 | 276 | 265 | | | | | | | | | | 894 |
| | WSS Commissioned | 113 | 237 | 258 | 256 | | | | | | | | | | 864 |
| Batch IV | No of GPs | 3 | 6 | 7 | 3 | | | | | | | | | | 19 |
| | No of projects | 3 | 7 | 7 | 3 | | | | | | | | | | 20 |
| | Initiated WSS | 110 | 189 | 173 | 118 | | | | | | | | | | 670 |
| | WSS Commissioned | 102 | 104 | 140 | 111 | | | | | | | | | | 467 |
| Batch V | No of GPs | 3 | 2 | 6 | 3 | | | | | | | | | | 14 |
| | No of projects | 3 | 2 | 6 | 3 | | | | | | | | | | 14 |
| | Initiated WSS | 86 | 70 | 162 | 103 | | | | | | | | | | 411 |
| | WSS Commissioned | 72 | 51 | 54 | 40 | | | | | | | | | | 217 |
| Batch I to V | No of GPs | 16 | 20 | 33 | 23 | | | | | | | | | | 92 |
| | Initiated WSS | 625 | 704 | 871 | 707 | | | | | | | | | | 2807 |
| | WSS Commissioned | 502 | 618 | 719 | 628 | | | | | | | | | | 2467 |
| Scale up | No of GPs | | | | | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 18 |
| | No of projects | | | | | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 18 |
| | Initiated WSS | | | | | 80 | 64 | 59 | 114 | 92 | 46 | 142 | 176 | 161 | 916 |
| | WSS Commissioned | | | | | 36 | 15 | 42 | 62 | 45 | 36 | 102 | 87 | 110 | 545 |
| Tsunami | No of GPs | | | | | | 2 | | | | | | | | 2 |
| | No of projects | | | | | | 2 | | | | | | | | 2 |
| | Initiated WSS | | | | | | - | | | | | | | | 0 |
| | WSS Commissioned | | | | | | - | | | | | | | | 0 |
| Grand Total | No of GPs | | | | | | | | | | | | | | 112 |
| | Initiated WSS | | | | | | | | | | | | | | 3723 |
| | WSS Commissioned | | | | | | | | | | | | | | 3012 |

## പാലും പാലുല്പന്നങ്ങളും പരിശോധിക്കാൻ നടപടി

T*78 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാസപദാർത്ഥങ്ങളടങ്ങിയ പാലും പാലുൽപ്പന്നങ്ങളും കേരളത്തിൽ വ്യാപകമായി വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന ഇത്തരം പാലും പാലുൽപ്പന്നങ്ങളും നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലും, പാലുൽപ്പന്നങ്ങളും ചെക്ക് പോസ്റ്റിൽ പരിശോധിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) രാസപദാർത്ഥങ്ങളടങ്ങിയ പാലും പാലുൽപ്പന്നങ്ങളും കേരളത്തിൽ വിറ്റഴിക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യത്തിന് ഹാനികരമായ ഏതൊരു ഭക്ഷണപദാർത്ഥവും വിൽപ്പന നടത്തുന്നതായി കണ്ടാൽ അത്തരം ഉൽപ്പന്നങ്ങൾ നിരോധിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. പാലിൽ രാസ പദാർത്ഥങ്ങൾ ചേർത്തിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ബി അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലും പാലുൽപ്പന്നങ്ങളും അതിർത്തി ചെക്ക് പോസ്റ്റുകളിൽനിന്നും ശേഖരിച്ച് നിയമാനുസരണം പരിശോധനയ്ക്ക് അയയ്ക്കാൻ സംസ്ഥാനത്ത് ഫുഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

*79 ശ്രീ. സി.കെ. സദാശിവൻ
'' എം.എം. മോനായി
'' രാജു എബ്രഹാം
'' അൽഫോൺസ് കണ്ണന്താനം
'' മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ആലപ്പുഴയിൽ നിഷ്ക്രിയമായി പ്രവർത്തിച്ചുവരുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേകം സഹായം ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചുവരുന്നു.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഏറെ നാളുകളായി ഒഴിഞ്ഞുകിടന്ന ഡയറക്ടറുടെ തസ്തികയിൽ (ഫുൾടൈം) പ്രോജക്ട് ഡയറക്ടറായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അതുപോലെതന്നെ നടപ്പു സാമ്പത്തിക വർഷത്തിൽ 27.5 ലക്ഷം രൂപ ഗ്രാന്റ് ഇൻ എയ്ഡ് ആയി അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത തുകകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2 വിഭാഗങ്ങളായ ഡയഗ്നോസ്റ്റിൽ ലാബും ഫീൽഡ് സർവയലൻസ് യൂണിറ്റും പ്രവർത്തനക്ഷമമാക്കി. ടി കേന്ദ്രത്തെ ദേശീയ ജപ്പാൻജ്വര സർവെയലൻസ് നെറ്റ്വർക്കിലെ അപ്പക്സ് സെന്റർ ആയി അംഗീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പ്രോജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംസ്ഥാന മന്ദിര സമുച്ചയം സ്ഥാപിക്കുന്നതിനായി കേരള സർക്കാർ 2007 ജനുവരിയിൽ 8.12 ഏക്കർ ഭൂമി നടപടികൾ പൂർത്തീകരിച്ച് അനുവദിച്ച് നൽകിയിട്ടുണ്ട്.

## മുല്ലപ്പെരിയാറിലെ ജലത്തിന്റെ വിനിയോഗം

*80 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അടൂർ പ്രകാശ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം തമിഴ്നാടിന്റെ ഏതെല്ലാം ജലസംഭരണികളിലേയ്ക്ക് കൊണ്ടുപോകുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) മുല്ലപ്പെരിയാർ കരാർ ഇതനുവദിക്കുന്നുണ്ടോ;

(സി) മുല്ലപ്പെരിയാർ കരാർ അനുസരിച്ച് തമിഴ്നാടിന്റെ ഏതെല്ലാം സ്ഥലങ്ങളിൽ മുല്ലപെരിയാറിലെ ജലം കൃഷിക്കും കുടിവെള്ളത്തിനുമായി ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) തമിഴ്നാട് ഇപ്പോൾ ആ വെള്ളം എവിടെയെല്ലാം കൃഷിക്കും കുടിവെള്ളത്തിനുമായി ഉപയോഗിക്കുന്നു;

(ഇ) എവിടെയെല്ലാം ആ വെള്ളം കുപ്പിയിലടച്ചു വിൽക്കുന്നതുൾപ്പെടെ വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഈ വെള്ളം വ്യവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ക്രമാനുസൃതമാണോ എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം: ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**ജലവിഭവ വകുപ്പുമന്ത്രി**

(എ) അണക്കെട്ടിൽ സംഭരിക്കുന്ന ജലം ടണൽവഴി ഫോർബേ ഡാമിൽ ശേഖരിക്കുന്നു. പ്രസ്തുത ജലം വൈദ്യുതി ഉൽപാദനത്തിനുശേഷം വൈരവനാറിലേയ്ക്ക് ഒഴുക്കി വിടുന്നു. വൈരവനാറും, ശുരുളിയാറും, തേനിയാറും ഒരുമിച്ച് വൈഗ നദിയിൽ ചേരുന്നു. പ്രസ്തുത ജലം വൈഗ ജലസംഭരണിയിലും ഇറിഗേഷൻ ടാങ്കുകളിലും തമിഴ്നാട് ശേഖരിക്കുന്നുണ്ട്.

(ബി) & (സി) 1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപ്പെരിയാറിലെ ജലം ഡാമിൽ നിന്നും തമിഴ്നാടിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിലേയ്ക്ക് തിരിച്ചുവിട്ട് മധുര ജില്ലയിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ ജലസേചനം നടത്താനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ഡി) 1886-ലെ പാട്ടക്കരാറിൽ ഉദ്ദേശിച്ചിരുന്നതിനേക്കാൾ വളരെ കൂടുതൽ പ്രദേശങ്ങളിൽ മുല്ലപ്പെരിയാർ വെള്ളം കൃഷിക്കും മറ്റാവശ്യങ്ങൾക്കുമായി തമിഴ്നാട് ഉപയോഗിച്ചുവരുന്നു.

(ഇ) അന്വേഷിച്ചുവരുന്നു.

(എഫ്) പെരിയാറിലെ ജലം വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കരാറിൽ വ്യവസ്ഥയില്ല.

## അണക്കെട്ടുകളിലെ മണ്ണു നീക്കം ചെയ്യാൻ നടപടി

| | | |
|---|---|---|
| *81 | ശ്രീ. എം. ഹംസ<br>,, കെ. കെ. ജയചന്ദ്രൻ<br>,, പി.ടി.എ.റഹീം<br>,, എസ്. രാജേന്ദ്രൻ | താഴെ കാണുന്ന ചോദ്യങ്ങൾക്ക്<br>ജലവിഭവ വകുപ്പുമന്ത്രി<br>സദയം മറുപടി നൽകുമോ |

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ മണ്ണും എക്കൽ നിക്ഷേപവും നിറഞ്ഞ് ജല സംഭരണത്തിന് തടസ്സം സൃഷ്ടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ നീക്കം ചെയ്യുന്നതിനും ജലസംഭരണം മെച്ചപ്പെടുത്തുന്നതിനുമായി നടപടി സ്വീകരിക്കുമോ;

(സി) ഏതെല്ലാം അണക്കെട്ടുകളിലെ മണ്ണ് നീക്കം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) മഴക്കാലത്തിന് മുൻപ് പ്രസ്തുത പണികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം: ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ**
**ജലവിഭവ വകുപ്പുമന്ത്രി**

(എ) ഉണ്ട്.

(ബി ഇത് സംബന്ധിച്ച പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(സി) & (ഡി) മലമ്പുഴ പീച്ചി, പോത്തുണ്ടി, മീങ്കര, ചുള്ളിയാർ, കല്ലട എന്നീ അണക്കെട്ടുകളിൽ മണ്ണൊലിച്ചിറങ്ങുന്നതും, എക്കൽ നിക്ഷേപവും സംബന്ധിച്ച് പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രാരംഭ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. മല മ്പുഴ അണക്കെട്ടിൽ നിന്ന് എക്കൽ മണ്ണ് നീക്കം ചെയ്യാനുള്ള വിശദ പഠനം നട ത്താൻ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം വിശദമായ സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ മണ്ണ് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## ബാലഭിക്ഷാടന നിരോധനം

*82 ശ്രീ. എം. പ്രകാശൻ മാസ്റ്റർ
,, കെ. വി. അബ്ദുൾഖാദർ
,, എ. എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ബാലഭിക്ഷാടനം തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ജില്ലകളെ ബാലഭിക്ഷാടന വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(സി) ബാല ഭിക്ഷാടകരെ പുരധിവസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) ബാലഭിക്ഷാടനം നിരോധിച്ച പ്രദേശങ്ങളിൽ നിന്നും ഇവർ മറ്റു ജില്ലകളിലേയ്ക്ക് ഭിക്ഷാടനത്തിനായി പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സംസ്ഥാനം മുഴുവനും ബാലഭിക്ഷാടന നിരോധനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) കേരളത്തെ സമ്പൂർണ്ണ ബാലഭിക്ഷാടനവിമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിന് സാമൂഹ്യ ക്ഷേമവകുപ്പിന്റെയും, ജൂഡിഷ്യറി, പോലീസ്, ആർ.പി. എഫ്, സന്നദ്ധ സംഘടനയായ ചൈൽഡ് ലൈൻ, മറ്റു ലൈൻ ഡിപ്പാർട്ടുമെന്റുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയടെയും സംയുക്താഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

2006 ജനുവരി മുതൽ ഡിസംബർ വരെയുള്ള ഒരു വർഷക്കാലയളവിൽ ഇതിനായി നടത്തിയ സ്പെഷ്യൽ ഡ്രൈവിന്റെ ഫലമായി തിരുവനന്തപുരം ജില്ലയെ 28.1.2007-ന് ബാലഭിക്ഷാടന വിമുക്ത ജില്ലയായി പ്രഖ്യാപിക്കുകയുണ്ടായി. ഈ ഒരു വർഷക്കാലയളവിനുള്ളിൽ കുട്ടികളെക്കൊണ്ട് ഭിക്ഷാടനം ചെയ്യിപ്പിച്ചവർക്കെതിരെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 23, 24 വകുപ്പുകൾ പ്രകാരം 36 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും കേസുകളിൽ ഉൾപ്പെട്ട 56 പേരെ കോടതി മുമ്പാകെ ഹാജരാക്കി ശിക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബാലഭിക്ഷാടനം തടയുന്നതിന്റെ ഭാഗമായി ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് സംസ്ഥാനത്ത് ശക്തമായി നടപ്പിലാക്കുന്നതിന് ജുഡീഷ്യൽ ഓഫീസർമാർ, പോലീസ് ഓഫീസർമാർ, ചൈൽഡ്‌ലൈൻ അടക്കമുള്ള എൻ.ജി.ഒ. പ്രവർത്തകർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

ശിശുദിനമായ 14.11.2006 മുതൽ മനുഷ്യാവകാശ ദിനമായ 10.12.2006 വരെ ബാലഭിക്ഷാടന വിമുക്ത കേരളം ലക്ഷ്യമാക്കി സമ്പൂർണ്ണ ശിശു സംരക്ഷണ യജ്ഞം സംഘടിപ്പിക്കുകയുണ്ടായി.

(ബി തിരുവനന്തപുരം ജില്ല മാത്രം.

(സി) ബാലഭിക്ഷടനത്തിൽനിന്നും രക്ഷിച്ച കുട്ടികളെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അനുയോജ്യമായ സ്ഥാപനങ്ങളിലേയ്ക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ അതതു സംസ്ഥാനങ്ങളിലെ അധികാരപ്പെടുത്തിയ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 5 വയസ്സിന് താഴെയുള്ള കുട്ടികളെ ഫൗണ്ട് ലിംഗ് ഹോമുകളിലോ അഡോപ്ഷൻ സെന്ററുകളിലോ പ്രവേശിപ്പിക്കുകയും അവരെ ദത്ത്/ഫോസ്റ്റർ കെയർ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ട കുട്ടികളുടെ ആരോഗ്യ, വിദ്യാഭ്യാസ ആവശ്യങ്ങളടക്കം എല്ലാ കാര്യങ്ങളും സർക്കാരിന്റെ അഭിമുഖ്യത്തിൽ നടത്തി വരുന്നു. ഇക്കാര്യത്തിൽ സന്നദ്ധസംഘടനകളുടെ സഹകരണവും ഉറപ്പു വരുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉണ്ട്. ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച് മറ്റ് ജില്ലകളിലെ ഉദ്യോഗസ്ഥർക്ക് പരിചയപ്പെടുത്തുന്നതിനുവേണ്ടി 28.1.2007-ന് ഒരു വർക്ക്ഷോപ്പ് തിരുവനന്തപുരത്ത് വച്ചു നടത്തുകയുണ്ടായി. ഈ വർക്ക്ഷോപ്പിൽ വച്ച് മറ്റു ജില്ലകളിൽ നടപ്പിലാക്കാനുള്ള ജില്ലാതല ആക്ഷൻ പ്ലാൻ തയ്യാറാക്കുകയുണ്ടായി. എല്ലാ ജില്ലകളിലും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ചൈൽഡ് ലൈൻ, സന്നദ്ധ സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരേയും ജില്ലാ പ്രൊബേഷൻ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജുവനൈൽ പോലീസ് യൂണിറ്റുകളുടെ ചുമതല ജില്ലാതലത്തിൽ നൽകപ്പെട്ടിട്ടുള്ള ഡി.വൈ.എസ്.പി.-മാരെ പങ്കെടുപ്പിച്ചുകൊണ്ട് ഈ വിഷയത്തിൽ ഒരു ത്രിദിന പരിശീലന പരിപാടി 2007 മാർച്ച് 12, 13, 14 തീയതികളിൽ എറണാകുളത്തുവച്ച് സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനം മുഴുവനും ബാലഭിക്ഷാടന നിരോധനം നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

## വനിതകളുടെ സ്വയം തൊഴിലിനുള്ള വായ്പ

*83 ശ്രീമതി ജെ. അരുന്ധതി
,, പി. ആയിഷാ പോറ്റി
'' കെ. കെ. ശൈലജ ടീച്ചർ
'' കെ.എസ്. സലീഖ
'' കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്ത്രീകളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) നിർദ്ധനരായ വനിതകൾക്ക് സ്വയം തൊഴിലിന് ഉദ്യോഗസ്ഥ ജാമ്യമോ വസ്തു ജാമ്യമോ ഇല്ലാതെ വായ്പ അനുവദിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വനിതകൾക്കായി കൂടുതൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് വനിതകൾക്ക് അനുവദിക്കേണ്ട ലക്ഷക്കണക്കിനു രൂപ യുടെ വായ്പകൾ പുരുഷന്മാർക്ക് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ക്രമവിരുദ്ധമായി വായ്പ അനുവദിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) ദേശീയ ന്യൂനപക്ഷ/പിന്നോക്ക/പട്ടികജാതി/പട്ടികവിഭാഗ കോർപ്പറേഷനുകൾ വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ താഴെപ്പറയുന്നതവാണ്;

1. സ്വയംതൊഴിൽ വായ്പാ പദ്ധതി.
2. പുതിയ സ്വർണ്ണിമ
3. മഹിളാ സമൃദ്ധിയോജന
4. വിദ്യാഭ്യാസ വായ്പകൾ
5. അംഗീകൃത എൻ.ജി.ഒ.-കൾ/സ്വയം സഹായ സംഘങ്ങൾ എന്നിവർക്കുള്ള വായ്പാ പദ്ധതികൾ
6. തൊഴിലധിഷ്ഠിത പരിശീലനങ്ങൾ
7. ബോധവൽക്കരണ സെമിനാറുകൾ/ക്യാമ്പുകൾ

ഇതുകൂടാതെ സിംഗിൽ വിമൻ ബെനഫിറ്റ് സ്കീം, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, കേന്ദ്ര സർക്കാരിന്റെ സ്റ്റെപ്പ്, സ്വാധർ പദ്ധതികൾ എന്നിവയും വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പാക്കിവരുന്നു.

(ബി നിർദ്ധനരായ വനിതകൾക്ക് ചെറിയ വായ്പകൾക്ക് വസ്തു ജാമ്യമോ ഉദ്യോഗസ്ഥ ജാമ്യമോ ഇല്ലാതെ വായ്പ നൽകാൻ കോർപ്പറേഷന്റെ ബോർഡ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വനിതകൾക്ക് 30,000/- രൂപ വരെയും പിന്നോക്ക ന്യൂനപക്ഷ സമുദായങ്ങളിലെ വനിതകൾക്ക് 25,000/- രൂപ വരെയുമുള്ള വായ്കൾക്ക് ചെക്ക് ബുക്കിന്റെയും പ്രോമിസറി നോട്ടിന്റെയും അടിസ്ഥാനത്തിൽ നൽകുന്നതാണ്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കരാർ/ദിവസക്കൂലി അടിസ്ഥാനത്തിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്തിരുന്ന പുരുഷൻമാർക്ക് വ്യവസ്ഥകൾ ഒന്നും പാലിക്കാതെ വായ്പ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഇ) വിജിലൻസ് എൻക്വയറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**KERALA STATE WOMEN'S DEVELOPMENT CORPORATION**
**DETAILS OF PERSONAL LOAN SANCTIONED**
**TO DEPUTATION STAFF**

| Sl No | Name & Designation | Amount |
|---|---|---|
| 1 | Sri.V.K. Subesh, Accountant, EKM | 50,000 |
| 2 | Smt. K.J. Zuhara, Assistant, EKM | 50,000 |
| 3 | Sri.E.K. Sreenivasan, Accountant, KKD | 1,00,000 |
| 4 | Sri.Vivek Rabindranath, Assistant, KKD | 1,00,000 |
| 5 | Smt. Lailakunju K M, LDC, HO | 1,00,000 |
| 6 | Sri. M.A. Ibrahim, LD Typist, EKM | 50,000 |
| 7 | Smt. O. Sunitha, LDC, Regional wing | 1,00,000 |
| 8 | Sri. A. Sathyaraj, Manager, TVM | 1,00,000 |
| 9 | Smt. Ayisha, Cashier, EKM | 50,000 |
| 10 | Sri. M. Aliyarukunju, RM, Ernakulam | 1,00,000 |
| | **TOTAL** | **8,00,000** |

**KERALA STATE WOMEN'S DEVELOPMENT CORPORATION**
**DETAILS OF PERSONAL LOAN SANCTIONED TO CONTRACT STAFF**

| Sl No. | Name & Designation | Name of Office | Date of sanction | Amount sanctioned | Outstanding amount as on 30.06.2006 |
|---|---|---|---|---|---|
| 1 | Muthokoya Thangal | RO, KKD | 10/12/04 | 100000 | 100000 |
| 2 | Cijimol Jacob | RW, TVM | 1/2/05 | 50000 | 34721 |
| 3 | Lalshah | HO, TVM | 20/06/05 | 50000 | 39980 |
| 4 | Lakshmi S | HO, TVM | 25/09/05 | 100000 | 85006 |
| 5 | Shameem Shereef | HO, TVM | 19/12/05 | 100000 | 83338 |
| 6 | Reshma T V | FP, HO, TVM | 6/3/06 | 50000 | 46668 |
| 7 | T A M Basheer | HO, TVM | 9/3/06 | 50000 | 46668 |
| 8 | V Vinod | HO, TVM | 15/03/06 | 100000 | 96000 |
| 9 | A K Davood | HO, TVM | 6/4/06 | 50000 | 47500 |
| 10 | Saneer A | HO, TVM | 24/04/06 | 40000 | 38400 |
| 11 | Mohammed Salim | HO, TVM | 28/04/06 | 100000 | 96668 |
| 12 | Sabina S R | HO, TVM | 6/5/06 | 50000 | 47500 |
| 13 | Rajeswari S | HO, TVM | 30/05/06 | 50000 | 49167 |
| 14 | Sindhu J | GDPM, HO, TVM | 20/06/06 | 75000 | 75000 |
| 15 | Bindhu Bhaskar | HO, TVM | 23/06/06 | 100000 | 100000 |
| 16 | M Nazeer | HO, TVM | 30/06/06 | 50000 | 50000 |
| | **TOTAL** | | | **11,15,000** | **10,36,616** |

## മായം ചേർക്കൽ നിരോധന ചട്ടങ്ങൾ പരിഷ്ക്കരിക്കാൻ നടപടി

*84 ശ്രീ. എ.സി.മൊയ്തീൻ
,, പി.പി.അബ്ദുളളകുട്ടി
,, സി.എച്ച്.കുഞ്ഞമ്പു
,, എം.എം.മോനായി
,, എ.പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടംബക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ആരോഗ്യത്തിനു ഹാനികരമായ ഏതു ഭക്ഷ്യവസ്തുവിന്റേയും ഉല്പാദനവും സംഭരണവും വിതരണവും നിരോധിക്കാനും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും നിലവിലുളള മായം ചേർക്കൽ നിരോധന ചട്ടങ്ങൾ പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ചട്ടങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ചട്ടങ്ങളിൽ പുതുതായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) മായം ചേർക്കൽ കണ്ടുപിടിക്കുന്നതിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ), ഉണ്ട്.
(ബി) & (സി) പരിശോധിച്ചു വരുന്നു.

(ഡി) നിലവിലുള്ള നോട്ടിഫൈഡ് അനലിസ്റ്റ് ലാബറട്ടറികളെ കേന്ദ്ര സർക്കാരിന്റെ കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്റ്റിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരമുള്ളതാക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിലവിലുള്ള നോട്ടിഫൈഡ് അനലിസ്റ്റ് ലാബോറട്ടറികളിൽ 6 കോടി 40 ലക്ഷം രൂപയുടെ ആധുനിക യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

## തുറന്നു പ്രവർത്തിപ്പിച്ച സ്ഥാപനങ്ങൾ

*85 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അടഞ്ഞു കിടന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര സ്വകാര്യ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചു എന്നും വ്യക്തമാക്കുമോ ?

**ഉത്തരം: ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചു.

(ബി 24 സ്വകാര്യ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

## സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളുടെ വികസനം

*86 ശ്രീമതി കെ.എസ്.സലീഖ
,, പി. അയിഷാ പോറ്റി
,, ജെ. അരുന്ധതി
ശ്രീ. എ. പ്രദീപ്കുമാർ
,, മുരളി പെരുനെല്ലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഏതെല്ലാം ജില്ലകളിലാണ് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ ഉള്ളത്;

(ബി) ഈ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ജില്ലകളിലും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി കേന്ദ്രത്തിൽ നിന്നും പ്രത്യേക സഹായം ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ ഉള്ളത്.

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ ചികിൽസാ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റ് സമർപ്പിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചാലുടൻ ഈ ആശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്.

(സി) ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ഭാഗമായി മറ്റെല്ലാ ജില്ലകളിലെയും ഒരാശുപത്രിയെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയാക്കി ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയും ബസ് സ്റ്റേഷനുകളിലെയും പരസ്യം

*87 ശ്രീ. കെ.സി. കുഞ്ഞിരാമൻ.
,, ബി. രാഘവൻ.
,, മഞ്ഞളാംകുഴി അലി.
,, എം.കെ. പുരുഷോത്തമൻ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ബി) സംസ്ഥാനാടിസ്ഥാനത്തിൽ പരസ്യത്തിന് കോൺട്രാക്റ്റ് നൽകുന്നതു മൂലം കെ.എസ്.ആർ.ടി.സി.ക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പരസ്യം നൽകുന്നതിന് ജില്ലാടിസ്ഥാനത്തിൽ കരാർ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) പരസ്യയിനത്തിൽ കഴിഞ്ഞ 5 വർഷക്കാലത്തേയ്ക്ക് ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ബസ്സുകളിലെ ചില പരസ്യങ്ങൾ വർഷങ്ങളോളം മാറ്റമില്ലാതെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പരസ്യത്തിന്റെ കാലാവധി കഴിഞ്ഞാൽ അതുടനെ നീക്കം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുമോ?

**ഉത്തരം: ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം നൽകുന്നത് ലേല-ദർഘാസ് നടപടികളിലൂടെയാണ്. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്നവർക്ക് രണ്ടു വർഷത്തേക്ക് കോൺട്രാക്ട് നൽകുന്നത്.

(ബി) ബസ്സുകളിൽ സംസ്ഥാനാടിസ്ഥാനത്തിൽ പരസ്യത്തിന് കോൺട്രാക്റ്റ് നൽകുന്നതു മൂലം കെ.എസ്.ആർ.ടി.സി.ക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബസ് സ്റ്റേഷനുകളിലെ പരസ്യം ജില്ലാടിസ്ഥാനത്തിലാണ് നൽകുന്നത്.

(സി) ഇപ്പോൾ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് കേന്ദ്രീകൃത രീതിയിലുള്ള കോൺട്രാക്റ്റ് സംവിധാനമാണ് സ്വീകരിക്കാറുള്ളത്. ജില്ലാടിസ്ഥാനത്തിൽ കരാർ നൽകുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(ഡി) പരസ്യയിനത്തിൽ കഴിഞ്ഞ 5 വർഷക്കാലത്തേയ്ക്ക് ലഭിച്ച തുക 4,52,85,032/-രൂപ (നാലു കോടി അൻപത്തിരണ്ട് ലക്ഷത്തി എൺപത്തി അയ്യായിരത്തി മുപ്പത്തിരണ്ട്) രൂപയാണ് ഇതിൽ 3,78,79,100/- രൂപ ബസ്സുകളിലെ പരസ്യങ്ങളിൽ നിന്നും 74,05,932/- രൂപ ബസ്സ് സ്റ്റേഷനിലെ പരസ്യങ്ങളിൽ നിന്നും ലഭിക്കുന്നു.

(ഇ) ഇല്ല

(എഫ്) ബസ്സുകളിലെ പരസ്യങ്ങൾക്ക് രണ്ട് വർഷത്തേക്കാണ് കോൺട്രാക്റ്റ് നൽകുന്നത്. ഓരോ കോൺട്രാക്റ്റ് പീരിഡ് കഴിയുമ്പോഴും കോൺട്രാക്റ്റർ തന്നെ പരസ്യങ്ങൾ നീക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

## ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന്റെ മാനദണ്ഡം

*88 ശ്രീ. ബാബു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷണറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടിലൂടെ എത്ര ദൂരം വരെ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നുണ്ട്;

(ബി) നിലവിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) ഈ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം: ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) & (ബി) ദേശസാൽക്കരണ പദ്ധതികളിലെ നിബന്ധനകൾ അനുസരിച്ചാണ് സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നത്. ഓരോ ദേശസാൽകൃത റൂട്ടുകളും വിവിധ ദേശസാൽകൃത പദ്ധതികളിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അതാത് ദേശസാൽകൃത പദ്ധതികളുടെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് സ്വകാര്യ ബസ്സുകൾക്ക് ദേശസാൽകൃത റൂട്ടുകളിൽ ഓവർലാപ്പിംഗ് അനുവദിക്കുന്നത്. ചില റൂട്ടുകളിൽ സ്വകാര്യ ബസ്സുകളെ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മറ്റു ചില റൂട്ടുകളിൽ ഭാഗികമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

## ചെറുകിട വ്യവസായ സംരംഭയൂണിറ്റുകൾക്ക് ആനുകൂല്യങ്ങൾ

*89 പ്രൊഫ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭ യൂണിറ്റുകൾക്ക് സർക്കാരിൽനിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ എല്ലാ ജില്ലകളിലും ഒരു പോലെയാണോ വിതരണം ചെയ്തു വരുന്നത് ;

(സി) ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സംരംഭകർക്ക് അവ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭ യൂണിറ്റുകൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചെർത്തിരിക്കുന്നു.

(ബി) അല്ല

(സി) സ്വീകരിക്കുന്നതാണ്.

**അനുബന്ധം**

1. സംസ്ഥാനമൂലധന നിക്ഷേപ സബ്സിഡി.
2. മാർജിൻമണി വായ്പ
3. സാങ്കേതിക വിദ്യാ വികസനനിധി
4. വിപണന പദ്ധതി/ വിപണന പ്രചോദനം
5. പ്രധാന മന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതി
6. വ്യവസായം തുടങ്ങുന്നതിന് വികസിപ്പിച്ചെടുത്ത സ്ഥലവും കെട്ടിടവും
7. ലൈസൻസുകളും ക്ളിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഗ്രീൻ ചാനൽ കൗണ്ടറും ഏകജാലക ക്ളിയറൻസ് ബോർഡും
8. എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നു.
9. വ്യവസായം തുടങ്ങുന്നതിന് ആഗ്രഹിക്കുന്നവർക്കായി വ്യവസായ സംരഭകത്വ വികസന പരിശീലനം, തൊഴിൽ അധിഷ്ഠിത പരിശീലനം മുതലായവ നൽകുന്നു.
10. വ്യവസായ സംരഭകർ തയ്യാറാക്കുന്ന പ്രോജക്റ്റ് റിപ്പോർട്ടുകൾക്ക് സാധ്യതാ റിപ്പോർട്ടുകൾ തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ശുപാർശ ചെയ്യുന്നു.
11. യുവജനങ്ങളിൽ വ്യവസായ സംരംഭകത്വ സംസ്ക്കാരം വളർത്തിയെടുക്കുന്നതിന് കലാലയങ്ങളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വ്യവസായ സംരഭകത്വ ക്ളബുകൾ പ്രവർത്തിക്കുന്നു.
12. ഗവേഷണ വികസന കേന്ദ്രങ്ങൾ ഗവേഷണ ലാബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.
13. വ്യവസായ സഹകരണ മേഖലക്കും കരകൗശല മേഖലക്കും പ്രത്യേകം ആനുകൂല്യങ്ങൾ നൽകി വരുന്നു
14. പരിശീലനം സിദ്ധിച്ച ക്ളസ്റ്റർ വികസന എജന്റുമാരുടെ സേവനം ക്ളസ്റ്റർ വികസനം സാദ്ധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.
15. പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിക്കുന്നു.
16. വ്യവസായ ആവശ്യത്തിനുള്ള തദ്ദേശ സ്വയം ഭരണ/സംസ്ഥാന സർക്കാർ സ്ഥലം മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.

17. സംരംഭകരുടെ അഭിരുചികൾക്കനുസരിച്ച് വിജയ സാദ്ധ്യതയുള്ള പദ്ധതിയുടെ ആവിഷ്ക്കാരത്തിനുള്ള സഹായം
18. പദ്ധതിക്കാവശ്യമായ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാനുള്ള സഹായം നൽകുന്നു
19. ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണന സഹായം നൽകുന്നു.
20. വ്യവസായിക ക്ളസ്റ്റർ രൂപീകരണം അസംസ്കൃത വസ്തു സംഭരിക്കാനുള്ള പദ്ധതി പൊതു വിപണന സമ്പ്രദായം എന്നിവ ഒരുക്കുന്നു.
21. ഇൻഡസ്ട്രീസ് റിസോഴ്സ് ലൊക്കേറ്റർ സംവിധാനം പ്രയോജനപ്പെടുത്തുന്നു.

ചെറുകിട വ്യവസായ പാർക്കുകളിൽ വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ, ഏകജാലക ക്ളിയറൻസ് സംവിധാനം, സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ് ഇളവുകൾ.

## മരുന്നു വാങ്ങുന്നതിനുള്ള പർച്ചേസ് പോളിസി

*90 ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. കെ. രാജു
ശ്രീ. രാജാജി മാത്യു തോമസ്
ശ്രീ. എ.കെ. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ

(എ) സർക്കാർ ആശുപത്രികളിൽ മരുന്നു വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഒരു പർച്ചേസ് പോളിസി നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ; പർച്ചേസ് പോളിസിയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ലെന്ന വിവരം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിലുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയി ട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് നിലവിലുണ്ടോ ; ലിസ്റ്റിൽ ഉൾപ്പെടുത്തിയ മരുന്നുകളുടെ എണ്ണം എത്രയാണ് ; ഈ മരുന്നുകളുടെ ഗുണനിലവാരം പരിശോ ധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം: ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**

(എ) & (ബി) 7.10.04-ലെ ജി.ഓ.(പി) നം. 267/04/ആ.കു.വ. നമ്പറിലുള്ള സർക്കാർ ഉത്തരവിൻ പ്രകാരം സർക്കാർ ആശുപത്രികളിലേയ്ക്കാവശ്യമായ ഗുണനിലവാരമുള്ള മുരുന്നുകൾ കുറഞ്ഞ വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്നതിനാവശ്യമായ മരുന്നുവാങ്ങൽ നയം നിലവിലുണ്ട്. സർക്കാർ ആശുപത്രികളിലേയ്ക്കാവശ്യമായ മരുന്നുകളുടെ വാർഷിക ഇൻഡന്റ് അതത് ആശുപത്രികൾ ജില്ലാ മെഡിക്കൽ ആഫീസർക്ക് സമർപ്പിക്കുന്നു. ഇവ ജില്ലാ തലത്തിൽ കണക്കാക്കുകയും സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലേയ്ക്ക് വേണ്ട മരുന്നുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി (സി.പി.സി.) മുഖേന ടെണ്ടർ വിളിച്ച് ഏറ്റവും കുറഞ്ഞ വില പരിഗണിച്ച് കമ്പനികളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. പ്രസ്തുത കമ്പനികളുടെ മരുന്നുകൾ ഡ്രഗ് കൺട്രോളർ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ കമ്പനികളിൽനിന്നും ഒരു വർഷത്തേയ്ക്കുള്ള മരുന്ന് നാല് ഘട്ടങ്ങളിലായി വിതരണം ചെയ്യാൻ ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ എത്തിക്കാൻ നിർദ്ദേശം കൊടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന കമ്പനികളിൽ സി.പി.സി. നിയോഗിക്കുന്ന വിദഗ്ദ്ധ പരിശോധനാ വിഭാഗം കമ്പനികളുടെ പ്രവർത്തനം നേരിട്ടുപോയി പരിശോധിച്ച് തൃപ്തികരമായവയിൽ നിന്നും മാത്രമേ മരുന്നു വാങ്ങാൻ പാടുള്ളൂ.

നിലവിലുള്ള മരുന്നു വാങ്ങൽ സമ്പ്രദായത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(സി) സംസ്ഥാനത്ത് ഒരു എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിൽ 608 തരം മരുന്നുകളാണുള്ളത്. ഈ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.